ഖുത്വ്ബ നമ്പർ
21
25-05-2012

بسم الله الرحمن الرحيم O نحمده اونصلى علىٰ رسوله الكريم O وعلىٰ عبده المسيح الموعود

ജുമുഅ ഖുത്വ്ബ
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ഖലീഫത്തുൽ മസീഹ് അൽഖാമിസ് ايده الله تعالىٰ بنصره العزيز
വിവർത്തനം: എം. നാസിർ അഹ്മദ് കൊടിയത്തൂർ



# സഹാബിമാരുടെ അനുസരണത്തിന്റെയും സമർപ്പണത്തിന്റെയും ഉദാത്ത മാതൃക

ഹദ്റത്ത് മസീഹ് മൗഊദ് (അ) ഒരു സ്ഥലത്ത് പറയുന്നു: അല്ലാഹു എനിക്ക് ആത്മാർത്ഥരും കൂറുള്ളവരുമായ ഒരു ജമാഅത്തിനെ നൽകിയിരിക്കുന്നു എന്നതിന് അവന് ഞാൻ കൃതജ്ഞത രേഖപ്പെടുത്തുന്നു. ഏതൊരു ജോലിക്കും ലക്ഷ്യത്തിലേക്കുമാണോ ഞാൻ അവരെ ക്ഷണിക്കുന്നത് വളരെ ധൃതഗതിയിലും ആവേശത്തോടും മറ്റുള്ളവരെ മുൻകടന്നുകൊണ്ട് തങ്ങളുടെ കഴിവിന്റെയും പ്രതിജ്ഞയുടെയും അടിസ്ഥാനത്തിൽ അവർ മുന്നേറുന്നതായും ഞാൻ കാണുന്നു. അവരിൽ ഒരു സത്യസന്ധതയും ആത്മാർത്ഥതയും കൂടിയിരിക്കുന്നതായും ഞാൻ കാണുന്നു. ഏതു കാര്യത്തെക്കുറിച്ചും എന്നിൽ നിന്ന് നിർദേശം ലഭിച്ചാൽ അത് പ്രാവർത്തികമാക്കാൻ അവർ തയ്യാറായിരിക്കുന്നതായും എനിക്ക് കാണാം.

പറയുന്നു: തങ്ങളുടെ ഇമാമിനെ അനുസരിക്കുന്നതിലും പിൻപറ്റുന്നതിലും ഇവ്വിധമുള്ള ആവേശവും ആത്മാർത്ഥതയും കൂറും പ്രകടിപ്പിക്കുന്നില്ലെങ്കിൽ ഒരു സമൂഹവും ഒരു ജമാഅത്തും തന്നെ തയ്യാറാകുന്നതല്ല. ഹദ്റത്ത് മസീഹ് (അ)ന് പ്രയാസങ്ങളും കഷ്ടതകളും അനുഭവിക്കേണ്ടിവന്നതിൽ മറ്റു കാരണങ്ങളോടൊപ്പം അദ്ദേഹത്തിന്റെ ജമാഅത്തിന്റെ ബലഹീനതയും ആത്മാർത്ഥത കുറവും കൂടി അടങ്ങിയിരിക്കുന്നു. (ഇത് ഈസ (അ) നെ ക്കുറിച്ചാണ് പറഞ്ഞത്. )

പറയുന്നു: എന്നാൽ ഇതിനു വിപരീതമായി തിരുനബി (സ) യുടെ സഹാബ റളിയല്ലാഹു അൻഹും ലോകചരിത്രത്തിൽ എവിടെയും കാണാത്ത സത്യസന്ധതയുടെയും കൂറിന്റെയും മാതൃക പ്രകടിപ്പിക്കുകയുണ്ടായി. അവർ തിരുനബിക്കായി എല്ലാതരം ദുഃഖങ്ങളും സഹിക്കുന്നത് എളുപ്പമായി കരുതി. ഏതുവരെയെന്നാൽ പ്രിയപ്പെട്ട നാടു പോലും അവർ ഉപേക്ഷിച്ചു. തങ്ങളുടെ ധനത്തിൽ നി ന്നും സമ്പത്തിൽ നിന്നും കൂട്ടുകുടുംബങ്ങളിൽ നിന്നും അവർ അകന്നു. അവസാനം തിരുനബിക്കായി തങ്ങളുടെ ജീവൻ നൽകുന്നതിൽ പോലും അറച്ചിരിക്കുകയോ ദുഃഖിക്കുകയോ ചെയ്തില്ല. ഈ ഒരു സത്യസന്ധതയും കൂറുമാണ് അവസാനം അവരുടെ ലക്ഷ്യപ്രാപ്തിക്ക് കാരണമായി മാറിയത്. ഇതേപോലെ അല്ലാഹു എന്റെ ജമാഅത്തിനെ ഇവരുടെ സ്ഥാനവും പദവിയും അനുസരിച്ച് ഒരു പ്രത്യേക ആവേശം നൽകിയതായി ഞാൻ കാണുന്നു. അവർ കൂറിന്റെയും സത്യസന്ധതയുടെയും മാതൃക പ്രകടിപ്പിക്കുയും ചെയ്യുന്നു.

ഹഖീഖത്തുൽ വഹ്‌യി എന്ന ഗ്രന്ഥത്തിൽ അല്ലാഹു പ്രകടമാക്കിയ അടയാളങ്ങളെ വിവരിച്ചുകൊണ്ട് 76-ാം അടയാളത്തിൽ പറയുന്നു. ബറാഹീനെ അഹ്മദിയ്യായിൽ എന്നെക്കുറിച്ച് അല്ലാഹുവിന്റെ ഒരു പ്രവചനം ഇപ്രകാരം കാണാം.

**അൽഖൈത്തു ഇലൈക മഹബ്ബത്തൻ മിന്നീ വ ലി തസ്നഅ അലാ ഐനീ.** അല്ലാഹു പറയുന്നു. ഞാൻ നിന്നോടുള്ള സ്നേഹം ജനഹൃദയങ്ങളിൽ ഇടുന്നതാണ്. എന്റെ കൺമുമ്പിൽ നിന്നെ പരിപാലിക്കുന്നതാണ്. എന്നോട് ഒരാൾ പോലും ബന്ധപ്പെടാതിരുന്ന കാലത്തുള്ള ഇൽഹാമാണിത്. പിന്നീട് ഒരു കാലം കഴിഞ്ഞപ്പോഴാണ് ഈ ഇൽഹാം പൂർത്തിയായത്. എന്നോടുള്ള സ്നേഹം ഹൃദയങ്ങളിൽ നിറക്കപ്പെട്ട ആയിരക്കണക്കിനുള്ള ആളുകളെ അല്ലാഹു ഉണ്ടാക്കുകയും ചെയ്തു. ചിലർ എനിക്കായി ജീവൻ നൽകി. ചിലർ തങ്ങളുടെ ധനനഷ്ടം എനിക്കുവേണ്ടി സ്വീകരിച്ചു. ചിലർ എന്റെ പേരിൽ തങ്ങളുടെ ദേശത്തുനിന്ന് പുറത്താക്കപ്പെടുകയുണ്ടായി. അവർ വേദനിപ്പിക്കപ്പെട്ടു. ഉപദ്രവിക്കപ്പെടുകയും ചെയ്തു. തങ്ങളുടെ ആവശ്യങ്ങളെക്കാളും എന്റെ ആവശ്യങ്ങൾക്ക് മുൻഗണന നൽകിക്കൊണ്ട് തങ്ങളുടെ പ്രിയപ്പെട്ട ധനത്തെ എന്റെ മുമ്പിൽ സമർപ്പിക്കുന്ന ആയിരക്കണക്കിന് ആളുകളുണ്ട്.

ഇവിടെ ഹദ്റത്ത് മസീഹ് മൗഊദ് (അ) തന്റെ ഒരു ആത്മാർത്ഥ സഹാബി ഹദ്റത്ത് സയ്യിദ് നാസിർ ശാ സാഹിബ്, ഓവർസീയറുടെ ഒരു കത്തിനെക്കുറിച്ച് പരാമർശിച്ചുകൊണ്ട് പറയുന്നു. അദ്ദേഹം എഴുതുന്നു. എന്റെ ഏറ്റവും വലിയ അഭിലാഷം ഇപ്പോൾ ഉള്ളതുപോലെ ഖിയാമത്തു നാളിൽ ഹുസൂറിനോടൊപ്പം സ്വാത്തികരുടെ വലിയ ജമാഅത്തിൽ ഞാനും അംഗമാകണമെന്നതാണ്. ഹുസൂർ എനിക്ക് സൽഗുണസമ്പന്നനായ അങ്ങയോട് എത്രമാത്രം സ്നേഹമുണ്ടെന്ന് അല്ലാഹുവിന് ശരിക്കും അറിയാം.എന്റെ സ്വത്തുകൾ സർവ്വതും എന്റെ ജീവനും താങ്കളിൽ തെണ്ടമാക്കുകയാണ്. ആയിരം ജീവനോടൊപ്പം താങ്കളിൽ എന്നെ തെട്ടമാക്കുന്നു. എന്റെ സഹോദരനും മാതാപിതാക്കളും താങ്കളിൽ തെണ്ടമായിരിക്കട്ടെ. അല്ലാഹു എന്റെ പര്യവസാനം താങ്കളുടെ സ്നേഹത്തിലും അനുസരണത്തിലും ആക്കട്ടെ. ആമീൻ.

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു. ഞാൻ ഇത്രമാത്രം ഉയർന്ന സത്യസന്ധതയും കൂറും എന്റെ ജമാഅത്തിലെ അധികം ആളുകളിലും കാണുമ്പോൾ അനിയന്ത്രിതമായി ഇപ്രകാരം പറഞ്ഞുപോകുന്നു; എന്റെ സർവ്വശക്തനായ നാഥാ, ഓരോ അണുവിലും നിന്റെ നിയന്ത്രണമാണുള്ളത്. ഈ ജുഗുപ്ത്സാവഹമായ കാലത്ത് ഇവരുടെ ഹൃദയങ്ങളെ നീയാണ് എന്നിലേക്ക് വലിച്ചടുപ്പിച്ചത്. അങ്ങനെ അവർക്ക് സ്ഥിരചിത്തത പ്രദാനം ചെയ്യുകയും ചെയ്തു. ഇത് നിന്റെ കുദ്റത്തിന്റെ മഹത്തായ അടയാളമാണ്.

ഇപ്പോൾ ഞാൻ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ആത്മാർത്ഥരായ സഹാബത്തിന്റെ ചില സംഭവങ്ങൾ കേൾപ്പിക്കുന്നതാണ്. ഈ സംഭവങ്ങളിൽ ആത്മാർത്ഥതയും കൂറും സ്നേഹവും അനുസരണവും നിറഞ്ഞു നിൽക്കുന്നതായി കാണാം. ചില കാര്യങ്ങൾ നമുക്ക് നിസ്സാരമായി തോന്നിയേക്കാം. ചെറിയ ചെറിയ സംഭവങ്ങളായിരിക്കും. മനുഷ്യൻ കരുതുന്നത് ഇത് ഇത്ര വലിയ കാര്യമാണോ? ഇതും വലിയ അനുസരണമാണോ? എന്ന് ചിന്തിച്ചേക്കാം. എന്നാൽ അനുസരണവുമായി ബന്ധപ്പെട്ട ഓരോ

സംഭവവും ഗഹനമായ പാഠം ഉൾക്കൊള്ളുന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) ന്റെ സഹാബാക്കൾക്ക് അദ്ദേഹത്തോടുണ്ടായിരുന്ന സ്നേഹവും കൂറും കാരണമായി അവർ എത്ര സന്തോഷത്തോടെയാണ് അദ്ദേഹത്തെ അനുസരിച്ചിരുന്നത് എന്ന് ഇതിൽനിന്നും മനസ്സിലാകുന്നതാണ്. ഇതെല്ലാം നമുക്ക് മാതൃകയാണ്. യഥാർത്ഥത്തിൽ ഇങ്ങനെയുള്ള നിസ്വാർത്ഥമായ അനുസരണവും ബന്ധവുമാണ് തഖ്‌വയിൽ മുന്നേറാൻ കാരണമായിത്തീരുന്നത്. ജമാഅത്തിന്റെ ഐക്യത്തിനും ഉയർച്ചക്കും കാരണമായിത്തീരുന്നതും ഇതുതന്നെ.

ഹദ്റത്ത് ഫസൽ ഇലാഹി സാഹിബ് റിട്ടയേഡ് പോസ്റ്റ് മാസ്റ്റർ പറയുന്നു. സർക്കാറിൽ നിന്നും എന്റെ പ്രമോഷനുള്ള ഓർഡർ വന്നു. ഞാൻ ഈ കാര്യം ഹദ്റത്ത് മസീഹ് മൗഊദ് (അ) നോട് പറഞ്ഞു. ഹുസൂർ എനിക്ക് പ്രമോഷൻ കിട്ടിയിട്ടുണ്ട്. ഞാൻ ഇവിടെ നിന്നും (ഖാദിയാനിൽ നിന്നും) പോകുകയാണ്. അപ്പോൾ ഹുസൂർ പറഞ്ഞു. ഫസൽ ഇലാഹീ! നോക്കൂ, ഇവിടേക്ക് ആളുകൾ ആയിരക്കണക്കിന് രൂപ ചെലവഴിച്ചിട്ടാണ് വരുന്നത്. നിങ്ങൾ പ്രമോഷന്റെ പേരും പറഞ്ഞ് ഇവിടെനിന്ന് പോകുകയാണോ. ഇവിടെ തന്നെ നിന്നാലും. സാമ്പത്തികമായി നിങ്ങൾക്കുണ്ടാകുന്ന കുറവ് നാം നികത്തിത്തരുന്നതാണ്. അദ്ദേഹം പറയുന്നു. ഹുസൂറിന്റെ നിർദേശപ്രകാരം ഞാൻ ഇവിടം വിടാൻ കൂട്ടാക്കിയില്ല. ഇവിടെതന്നെ നിന്നു. സാമ്പത്തികമായ നേട്ടം എല്ലാം ഉപേക്ഷിക്കുകയും ചെയ്തു.

ഹദ്റത്ത് മുഫ്ത്തി ഫള്ലുർറഹ്മാൻ സാഹിബ് വിവരിക്കുന്നു. ഹുസൂർ (അ) ഗുരുദാസ്പൂരിൽ കേസിന്റെ ദിവസങ്ങളിൽ പോകാറുണ്ടായിരുന്നു. അപ്പോൾ എന്നെ എപ്പോഴും കൂടെ കൂട്ടാറുണ്ടായിരുന്നു. അക്കാലത്ത് കുതിര വണ്ടിയാണ് ഉണ്ടായിരുന്നത്. രാവിലെ പുറപ്പെടാൻ ഒരുങ്ങിക്കഴിഞ്ഞാൽ മിയാൻ ഫള്ലുർറഹ്മാൻ എവിടെയാണെന്ന് ചോദിക്കും. ഞാൻ അവിടെ ഇല്ലെങ്കിൽ ആളെവിട്ട് എന്നെ വീട്ടിൽ നിന്നും വിളിപ്പിക്കും. വേഗം വരാൻ പറഞ്ഞയക്കും. ഹുസൂറിന്റെ കുതിരവണ്ടി എപ്പോഴും ഞാൻ തന്നെയാണ് ഓടിച്ചിരുന്നത്. കുതിരവണ്ടിക്കാരനോട് ഓടിപ്പിക്കാൻ പറയാറില്ല. കുതിരവണ്ടിക്കാരന്റെ സ്ഥാനത്ത് ഞാൻ ഇരിക്കും. മിയാൻ ശാദീഖാൻ സാഹിബ് മർഹൂം എന്റെ മുമ്പിൽ അടുത്തായി ഇരിക്കും. കുതിരവണ്ടിയിൽ ഹുസൂർ മാത്രമായിരിക്കും ഉണ്ടാകുക.

ഇങ്ങനെയിരിക്കെ എന്റെ രണ്ടാമത്തെ കുട്ടിക്ക് അസുഖം പിടിപ്പെട്ടു. (കേസിനായി യാത്ര ചെയ്തുകൊണ്ടിരിക്കുന്ന കാലത്തുള്ള സംഭവമാണിത്) കുട്ടിക്ക് ടൈഫോയ്ഡ് പനി പിടിച്ചു. ഹുസൂർ പലപ്പോഴും അവനെ കാണാനായി വന്നുകൊണ്ടിരുന്നു. കേസ്സിന്റെ ഒരു ദിവസം മുമ്പ് എന്റെ ഭാര്യ പറഞ്ഞു. ഹുസൂറിന് ദുആക്കായി എഴുതിയാലും. ഞാൻ പറഞ്ഞു. ഹുസൂർ നിത്യവും കുട്ടിയെ കാണാൻ വരാറില്ലെ. പിന്നെ എന്തിനാണ് എഴുതുന്നത്. എന്നാൽ ഭാര്യ നിർബന്ധം പിടിച്ചു. അങ്ങനെ ഒരു കത്ത് ഞാനെഴുതി. കത്തെഴുതി വിട്ടു. ഹദ്റത്ത് ഇതിനു മറുപടിയിൽ ഇപ്രകാരം എഴുതി. ഞാൻ ദുആ ചെയ്യുന്നതാണ്. എന്നാൽ മാറ്റപ്പെടാത്ത തഖ്ദീറാണെങ്കിൽ അത് മാറ്റപ്പെടുകയില്ല. ഈ വാക്കുകൾ വായിച്ച് എന്റെ അശ്രുകണങ്ങൾ ഒഴുകാൻ തുടങ്ങി. ഭാര്യ ചോദിച്ചു.എന്താണ് കാര്യം. ഞാൻ പറഞ്ഞു; ഇനി ഈ കുട്ടി നമ്മുടെ അടുത്ത് നിൽക്കില്ല. ഈ കുട്ടി സുഖം പ്രാപിക്കുമായിരുന്നെങ്കിൽ ഇങ്ങനെ എഴുതുമായിരുന്നില്ല.

അടുത്ത ദിവസം കാലത്തായിരുന്നു യാത്ര. എല്ലാവരും ഹുസൂറിനെ കാത്ത് കവലയിൽ നിൽക്കുകയായിരുന്നു. ഹുസൂർ വന്നു. ആരോ ടും ഒന്നും സംസാരിച്ചില്ല. നേരെ എന്റെ വീട്ടിലേക്കു വന്നു. കുട്ടിയെ നോക്കി. എന്നിട്ട് അവന്റെ മേൽ ഊതി. എന്നോട് പറഞ്ഞു. നിങ്ങൾ ഇന്ന് ഇവിടെ തന്നെ നിൽക്കുക. നാളെ ഞാൻ വരുന്നതാണ്. കുട്ടിയുടെ അവസ്ഥ വളരെ മോശമാണ്. ഞാൻ അവിടെത്തന്നെ നിന്നു. ഹുസൂറിന്റെ യാത്രകളിൽ ഈ ഒരു യാത്രയിൽ മാത്രമാണ് എനിക്ക് കൂടെ പോകാൻ കഴിയാതിരുന്നത്. (കുട്ടിയെക്കുറിച്ച് വ്യസനമുണ്ട് എന്നത് ശരി. എന്നാൽ ഒരു ദിവസം യാത്രയിൽ കൂടെ പോകാൻ കഴിയാത്തതിലുള്ള ദുഃഖമാണ് ഏറെ പ്രകടമായിക്കാണുന്നത്.)

മൗലവി നിസാമുദ്ദീൻ സാഹിബിന്റെ മകൻ ഹദ്റത്ത് ഹാഫിസ് അബ്ദുൽ ലത്തീഫ് സാഹിബ് വിവരിക്കുന്നു. മീർ മുഹമ്മദ് ഇസ്മാഈൽ റിട്ടയേഡിൽ നിന്നും ഞാൻ നേരിട്ട് കേട്ടതാണിത്. അദ്ദേഹം മെഡിക്കൽ കോളേജ് ലാഹോറിൽ പഠിക്കാനായി വന്നപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ് (അ) അദ്ദേഹത്തോട് പറഞ്ഞിരുന്നത് ലാഹോറിലെ വീട്ടിൽ ഒറ്റക്ക് താമസിക്കരുതെന്നാണ്. ഈ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഞാൻ കണ്ടപ്പോഴൊന്നും അദ്ദേഹത്തെ ഒരിക്കലും ഒരു പട്ടണത്തിലും ഒറ്റക്ക് താമസിച്ചിട്ടില്ല. അക്കാലത്ത് മെഡിക്കൽ കോളേജിൽ ബോർഡിംഗൊന്നും ഉണ്ടായിരുന്നില്ല. മീർ സാഹിബ് വാടകക്ക് വീടെടുത്ത് താമസിക്കുകയായിരുന്നു. അദ്ദേഹം ഹുസൂറിന്റെ നിർദേശം അവിടേക്ക് മാത്രം കണക്കാക്കാതെ ജീവിതത്തിൽ എവിടെയാണെങ്കിലും ആരെയെങ്കിലും കൂടെ കൂട്ടുമായിരുന്നു.

അമീർ ബക്ശ് സാഹിബിന്റെ മകൻ ഹദ്റത്ത് മലക്ക് ശാദീഖാൻ സാഹിബ് പറയുന്നു. ഞാൻ ഒരിക്കൽ മിയാൻ ജമാലുദ്ദീൻ സാഹിബ് മർഹൂമിന്റെ കൂടെ ഖാദിയാനിൽ വന്നു. മസ്ജിദ് മുബാറക്കിൽ ഞങ്ങ ൾ വന്നപ്പോൾ ളുഹറിന്റെ സമയമായിരുന്നു. ഹദ്റത്ത് സാഹിബ് നമസ്ക്കാരത്തിനായി വന്നു. അപ്പോൾ ഞാൻ കൈകൊടുത്തു. എന്റെ ചെവിയിൽ ചെറിയ റിങ്ങുകൾ ഉണ്ടായിരുന്നു. ഹുസൂർ ചോദിച്ചു. ഈ റിങ്ങുകൾ എന്തിനാണ്. മുസ്ലിംകൾ ഇത് ധരിക്കാറില്ലല്ലോ. മിയാൻ ജമാലുദ്ദീൻ സാഹിബ് പറഞ്ഞു. ഗ്രാമവാസികൾ പൊതുവിൽ അങ്ങിനെയാണ്. അവർക്ക് ഇതുപോലുള്ള മസ്അലകൾ ഒന്നും അറിയില്ല. ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞു. കാതിൽ നിന്നും അഴിച്ചുകളയുക. മീർ നാസിർ നവാബ് സാഹിബും ഉടനെ അഴിച്ചുമാറ്റാൻ പറഞ്ഞു. കാരണം ഹദ്റത്ത് സാഹിബ് കൽപ്പിച്ചിരിക്കുകയാണ്.

ഞാനത് അപ്പോൾ തന്നെ അഴിച്ചുമാറ്റി. അസർ നമസ്കാര സമയത്ത് നമസ്ക്കരിക്കാനായി വന്നപ്പോൾ ഹുസൂർ പറഞ്ഞു. ഇപ്പോഴാണ് മുസ്ലിമായി തോന്നുന്നത്. അതിനുശേഷം ഞാൻ ബൈഅത്ത് ചെയ്തു. (ഇതിനു മുമ്പ് ബൈഅത്ത് ചെയ്തിരുന്നില്ല.)

ഇക്കാലത്ത് ചില കുട്ടികൾ ഫേഷന്റെ പേരും പറഞ്ഞ് അതുമിതും ധരിക്കാറുണ്ട്. ചിലരുടെ കഴുത്തിൽ സ്വർണ്ണമാല കാണാം. ഇതെല്ലാം നിരോധിക്കപ്പെട്ടതാണ്. പുരുഷന്മാർക്ക് സ്വർണ്ണം ധരിക്കൽ നിരോധിച്ചിരിക്കുന്നതാണ്.ചുറ്റുപാടിന്റെ സ്വാധീനമായിരിക്കുമത്. ചില അഹ്മദി കുട്ടികളും ഇങ്ങനെയുള്ള ഫേഷൻ ചെയ്യുന്നതായി ഞാൻ കണ്ടിട്ടുണ്ട്.

ബശീർ അഹ്മദ് സാഹിബ് ഭട്ടിയുടെ മാതാവ് വിവരിക്കുന്നു. ഒരിക്കൽ ഹദ്റത്ത് അഖ്ദസ് മസീഹ് മൗഊദ്(അ) തന്റെ വീട്ടിൽ അൽപം നെയ്ച്ചോറ് ഉണ്ടാക്കി. ഹുസൂറിന്റെ ആജ്ഞപ്രകാരം ഹദ്റത്ത് ഉമ്മുൽ മുഅ്മിനീൻ (റ) ഖാദിയാനിലുള്ള എല്ലാ അഹ്മദീ വീടുകളിലും കുറച്ച് കുറച്ചായി അത് അയച്ചു. ആ ചോറിനെ അനുഗ്രഹീത ചോറ് (ബർക്കത്ത് കാ ചാവൽ) എന്നാണ് പറയപ്പെട്ടത്. വീട്ടിലുള്ള എല്ലാവർക്കും അത് നൽകണം എന്ന് ഹുസൂർ കൽപ്പിക്കുകയും ചെയ്തിരുന്നു. ബഡാ കാസി സാഹിബിന്റെ മൂത്ത മകൻ ബശീർ അഹ്മദ് സാഹിബ് അക്കാലത്ത് ജമ്മുവിൽ ജോലി ചെയ്യുകയായിരുന്നു. അദ്ദേഹത്തിനായി ഒരു കവറിൽ അൽപം ചോറിന്റെ വറ്റുകൾ ഒട്ടിച്ചിട്ട് അത് അയച്ചു. വീട്ടിലെ എല്ലാവർക്കും ഇത് നൽകണം എന്ന കൽപനയുണ്ടായിരുന്നു. അതുകൊണ്ട് അത് പൂർണ്ണമായും പാലിക്കപ്പെട്ടു. മകൻ വീട്ടിൽ ഇല്ലാത്തതുകൊണ്ട് അവന് ലഭിക്കാൻ ഒരു കടലാസിൽ അൽപം ഒട്ടിച്ചിട്ട് അയച്ചു. എന്നിട്ട് കത്തിൽ ഇപ്രകാരം എഴുതി. ചോറ് ഒട്ടിച്ചിട്ടുള്ള ആ ഭാഗമത്രയും തിന്നുക. ഇതായിരുന്നു അനുസരണവും സ്നേഹവും.

ഹദ്റത്ത് മിയാൻ അബ്ദുൽ ഗഫ്ഫാർ സാഹിബ് ജലാ (റ) വിവരിക്കുന്നു. ഹുസൂർ അവസാന ദിവസം ലാഹോറിൽ പോയപ്പോൾ എന്റെ പിതാ

വിനെ കത്തെഴുതി വിളിപ്പിച്ചു. ഉപ്പ ലാഹോറിൽ എത്തിയപ്പോൾ ഖാജാ കമാലുദ്ദീൻ സാഹിബ് അദ്ദേഹത്തോട് പറഞ്ഞു. മിയാൻ ഗുലാം റസൂൽ! നീ ഞങ്ങളുടെ ഇവിടെ എന്തെടുക്കുകയാണ്. എന്തിനാണ് വന്നത്. ഉപ്പ ഹുസൂറിന്റെ കത്തെടുത്ത് കാണിച്ചുകൊടുത്തു. എന്നെ എന്തിനാണ് വിളിച്ചതെന്ന് എന്നെ കത്തെഴുതി വിളിപ്പിച്ച വ്യക്തിയോട് പോയി ചോദിക്കുക. പിന്നീട് ഹുസൂറുമായി മുലാഖാത്ത് നടത്തി. ഹുസൂറിന്റെ മുടി വെട്ടിക്കൊടുത്തു. മുടിയിൽ മൈലാഞ്ചി ഇട്ടുകൊടുത്തു. ഖാജാ സാഹിബ് പറഞ്ഞ കാര്യവും പറഞ്ഞു. ഹുസൂർ ഒരു എഴുത്തെഴുതി കൊടുത്തു. ഉപ്പ ആ എഴുത്ത് താഴെ കൊണ്ടുപോയി കാണിച്ചു. എല്ലാവരും നിശബ്ദരായി. ഹുസൂർ തന്റെ സ്നേഹം എന്റെ ഉപ്പാക്ക് അഞ്ചു രൂപ നൽകി പ്രകടിപ്പിക്കുകയും ചെയ്തു. എന്നിട്ട് പറഞ്ഞു. താങ്കളെ ഞാനാണ് വിളിപ്പിച്ചത്. ഇവരുടെ കാര്യങ്ങളോർത്ത് താങ്കൾ വിഷമിക്കണ്ട. സഹാബാക്കൾക്ക് ഹദ്റത്ത് മസീഹ് മൗഊദ് (അ) നോടുണ്ടായിരുന്ന സ്നേഹത്തേക്കാൾ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന് സഹാബാക്കളോടും സ്നേഹമുണ്ടായിരുന്നു.

ഹദ്റത്ത് ശൈഖ് സൈനുൽ ആബിദീൻ സാഹിബ് (റ) വിവരിക്കുന്നു. ഹാഫിസ് സാഹിബ് ഖാദിയാനിൽ വന്നപ്പോൾ ഹുക്ക (പുകവലി) കൂടുതലായി വലിച്ചിരുന്നു. മിയാൻ നിസാമുദ്ദീൻ സാഹിബിന്റെ വീട്ടിൽ പോയാണ് ആരും കാണാതെ വലിച്ചിരുന്നത്. ഇക്കൂട്ടർ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ബന്ധുക്കളായിരുന്നെങ്കിലും കഠിന ശത്രുക്കളായിരുന്നു. ഹദ്റത്ത് സാഹിബ് ഇക്കാര്യം അറിയാൻ ഇടയായി. പറഞ്ഞു. മിയാൻ ഹാമിദലി! ഇതാ പൈസ. അങ്ങാടിയിൽ പോയി ഒരു ഹുക്ക വാങ്ങിക്കൊണ്ടു വരിക. അതോടൊപ്പം പുകയിലയും. ആവശ്യം വരുമ്പോൾ വീട്ടിൽ തന്നെ ഇരുന്ന് വലിക്കുക. അവരുടെ അടുത്ത് പോകരുത്. കാരണം അവർ ഇസ്ലാമിനെപ്പോലും നിഷേധിക്കുന്നവരാണ്.

അദ്ദേഹം ഹുക്ക വാങ്ങിക്കൊണ്ട് വന്ന് വലിച്ചുകൊണ്ടിരുന്നു. അതിഥികളും അതേ ഹുക്ക വലിക്കുമായിരുന്നു. ആറേഴ് മാസങ്ങൾക്ക് ശേഷം ഹദ്റത്ത് സാഹിബ് പറഞ്ഞു. മിയാൻ ഹാമിദലി! ഈ ഹുക്ക വിട്ടൊഴിഞ്ഞെങ്കിൽ എത്ര നന്നായേനെ. ഹാഫിസ് സാഹിബ് പറഞ്ഞു. ശരി ഹുസൂർ. അങ്ങനെ അദ്ദേഹം ഹുക്ക ഉപേക്ഷിച്ചു. ഉടനെ ഉപേക്ഷിച്ചു. ചീത്ത കൂട്ടുകെട്ടിൽ നിന്നും രക്ഷിക്കുന്നതിനായി ആദ്യം അതിനുള്ള സംവിധാനം ഒരുക്കിക്കൊടുക്കുകയുണ്ടായി. സ്വന്തമായിട്ട് ഒന്ന് വാങ്ങിക്കൊണ്ട് വന്ന് വീട്ടിൽ തന്നെ ഉപയോഗിക്കാൻ പറഞ്ഞു. കുറച്ച് കാലം കഴിഞ്ഞപ്പോൾ ആരോഗ്യത്തിന് ഹാനികരമായ വസ്തു ആയതുകൊണ്ടും മനുഷ്യനെ നശിപ്പിക്കുന്നതായതുകൊണ്ടും ഇത് ഉപേക്ഷിക്കുന്നതാണ് നല്ലതെന്ന് പറഞ്ഞുകൊടുത്തു. ഒരു പ്രാവശ്യം ഇതിനുള്ള സംവിധാനം ചെയ്തുകൊടുത്തതുകൊണ്ട് ഇത് അനുവദനീയമാണെന്ന് ആരും തെറ്റിദ്ധരിക്കരുത്. പുകവലിയും മറ്റുമെല്ലാം പൊതുവിൽ മോശമായ ശീലങ്ങളാണ്. അത് ഉപേക്ഷിക്കുന്നത് തന്നെയാണ് ഉത്തമം. മാത്രമല്ല, ഹദ്റത്ത് മസീഹ് മൗഊദ് (അ) ഒരു സ്ഥലത്ത് ഇപ്രകാരം പറയുകയുണ്ടായി. പുകവലിയും മറ്റും തിരുനബി (സ) യുടെ കാലത്തുണ്ടായിരുന്നെങ്കിൽ തിരുനബി തീർച്ചയായും അവ നിരോധിക്കുമായിരുന്നു.

ഹദ്റത്ത് ഗുലാം ഹുസൈൻ സാഹിബ് മുഹാജിർ (റ) വിവരിക്കുന്നു. സേട്ട് സാഹിബിനെ പരാമർശിച്ചുകൊണ്ട് പറയുന്നു. ഒരിക്കൽ അദ്ദേഹം വന്നപ്പോൾ ഹദ്റത്ത് സാഹിബ് എന്നെ വിളിച്ചുകൊണ്ട് പറഞ്ഞു. മിയാൻ ഗുലാം ഹുസൈൻ! സേട്ട് സാഹിബിനെ സേവിക്കാനായി പീരയെയും മിയാൻ കരം ദാദിനെയും ഞാൻ നിയോഗിച്ചിട്ടുണ്ട്. അദ്ദേഹം സാധുവാണ്. അതുകൊണ്ട് നിങ്ങളും അദ്ദേഹത്തെ ഒന്ന് ശ്രദ്ധിക്കണം. പീരയെ ഏൽപ്പിച്ചിരുന്ന ജോലി അദ്ദേഹത്തിനായി അങ്ങാടിയിൽ പോയി സാധനങ്ങൾ വാങ്ങിക്കൊണ്ടുവരിക എന്നതായിരുന്നു. അദ്ദേഹം പുകവലി ശീലമുള്ള ആളായിരുന്നതിനാൽ കരം ദാദ് അദ്ദേഹത്തിന് ഹുക്ക തയ്യാറാക്കി നൽകിയിരുന്നു. എന്നെ ഹുസൂർ ഇവർ രണ്ടുപേരുടേയും മേൽനോട്ടം വഹിക്കാനായി നിയമിച്ചു. എന്നിട്ട് പറഞ്ഞു. നിങ്ങളും ഇദ്ദേഹത്തെ ശരിക്കും നോക്കണം. വലിയ ആദരണീയനായത വ്യക്തിയാണ്. വളരെ ദൂരെ നിന്ന് കഷ്ടപ്പെട്ടിട്ടാണ് വരുന്നത്. സേട്ട് സാഹിബ് എന്നോട് പറഞ്ഞു: മിയാൻ ഗുലാം ഹുസൈൻ! തണുത്ത വെള്ളം വേണം. ഞാൻ അദ്ദേഹത്തിനായി ഓടിപ്പോയി വലിയ പള്ളിയിൽ നിന്നും തണുത്ത വെള്ളം കൊണ്ടുവരും. അദ്ദേഹത്തിനുള്ള ഭക്ഷണം വീട്ടിൽ നിന്നും പാകം ചെയ്ത് കൊടുത്തയക്കാറായിരുന്നു. ഞാനാണ് ഭക്ഷണം അദ്ദേഹത്തിന് വിളമ്പിക്കൊടുത്തിരുന്നത്. അദ്ദേഹം ഒന്നര മാസം വരെ ഇവിടെ നിൽക്കാറുണ്ട്.

ഹദ്റത്ത് സാഹിബ് ഇടക്കിടക്ക് സേട്ട് സാഹിബിന് ബുദ്ധിമുട്ട് വല്ലതുമുണ്ടോ എന്ന് എന്നോട് അന്വേഷിക്കുയും ചെയ്യുമായിരുന്നു. ഒരിക്കൽ പുഞ്ചിരിച്ചുകൊണ്ട് ഹദ്റത്ത് സാഹിബ് മസ്ജിദിൽ വെച്ച് സേട്ട് സാഹിബിനോട് ചോദിച്ചു. സേട്ട് സാഹിബ്! താങ്കൾക്ക് വല്ല ബുദ്ധിമുട്ടുമുണ്ടോ. അദ്ദേഹം പറഞ്ഞു. ഹുസൂർ ഒരു ബുദ്ധിമുട്ടുമില്ല. മിയാൻ ഗുലാം ഹുസൈൻ സാഹിബ് വെള്ളം പോലും പള്ളിയിൽ നിന്നും കൊണ്ടുവന്ന് തരാറുണ്ട്. സേട്ട് സാഹിബിനെ യാത്ര അയക്കാനായി ഹദ്റത്ത് സാഹിബ് ദാറു സ്വിഹത്ത് വരെ പോകുമായിരുന്നു. ഹദ്റത്ത് സാഹിബ് തിരിച്ചുവരുമ്പോൾ എന്നെയും പീറയേയും കരം ദാദിനെയും വിളിച്ച് അവർക്ക് രണ്ടുരൂപ വീതവും എനിക്ക് അഞ്ച് രൂപയും പാരിതോഷികം നൽകുമായിരുന്നു.

അതിഥികളെ ആദരിക്കലും അവർക്ക് വേണ്ടി സേവനം ചെയ്യലും ഹുസൂറിന്റെ നിർദ്ദേശപ്രകാരം എല്ലാവരും പൊതുവിൽ ചെയ്യാറുണ്ടായിരുന്നു. അതിഥികളെ സൽക്കരിക്കണം എന്നത് പൊതുവിലുള്ള കൽപനയാണ്. എന്നാൽ ഇവിടെ മറ്റൊരു കാര്യമാണുള്ളത്. ഒന്ന് സേവനം ചെയ്യുക എന്നതും മറ്റൊന്ന് സ്നേഹത്തിന്റെയും അനുസരണത്തിന്റെയും മാതൃക പ്രകടിപ്പിക്കുക എന്നതും.

ഹദ്റത്ത് മൗലവി അസീസുദ്ദീൻ സാഹിബ് (റ) വിവരിക്കുന്നു. ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) നോട് മുഫ്ത്തി മുഹമ്മദ് സാദിഖ് സാഹിബ് ലാഹോറിൽ ജോലിയിലായിരുന്ന അവസരത്തിൽ കാലത്ത് പോകാനായി അനുവാദം ചോദിച്ചു. ഹദ്റത്ത് സാഹിബ് പറഞ്ഞു. നിങ്ങൾ പോകണ്ട. ഇന്ന് ഇവിടെ തന്നെ നിന്നാലും. മുഫ്ത്തീ സാഹിബ് ഉച്ച സമയത്ത് വീണ്ടും അപേക്ഷിച്ചു. ഹുസൂർ ജോലിയുടെ പ്രശ്നമാണ്. ഇന്ന് എത്തേണ്ടത് അത്യാവശ്യമാണ്. ഇപ്പോൾ സമയവും കഴിഞ്ഞു. ഹദ്റത്ത് സാഹിബ് പറഞ്ഞു: സമയത്തെക്കുറിച്ച് ചിന്തിക്കേണ്ട. നിങ്ങൾ ഇപ്പോൾ പോകുക. നിങ്ങൾ എത്തിപ്പെടുന്നതാണ്.

മുഫ്ത്തീ സാഹിബ് ബട്ടാലയിലേക്ക് യാത്ര തിരിച്ചു. ഞാനും അദ്ദേഹത്തോടൊപ്പം ബട്ടാലയിലേക്ക് പോയി. സമയം നാലു മണിയായി. അക്കാലത്ത് ബട്ടാലയിൽ നിന്നും 2 മണിക്കാണ് വണ്ടി പോകാറുള്ളത്. എല്ലാവരും നിരാശരായിരുന്നു. എന്നാൽ സ്റ്റേഷനിൽ എത്തിയപ്പോഴാണ് അറിഞ്ഞത് വണ്ടി രണ്ട് മണിക്കൂർ വൈകിയാണ് വരിക എന്ന്. കുറച്ച് കഴിഞ്ഞപ്പോൾ വണ്ടി വന്നു. ലാഹോറിലേക്ക് യാത്ര പുറപ്പെട്ടു. (ഇത് ജൽസയുടെ നാളുകളെക്കുറിച്ചല്ല പറയുന്നത്. മറ്റൊരു അവസരത്തെക്കുറിച്ചാണ്.)

ഹദ്റത്ത് മിയാൻ അബ്ദുൽ അസീസ് സാഹിബ് (റ) വിവരിക്കുന്നു. മിയാൻ ചിരാഗ്ദീൻ സാഹിബ് പയാറുണ്ടായിരുന്നു. ഒരിക്കൽ ഞായറാഴ്ച ഞാൻ ഹദ്റത്ത് സാഹിബിനോട് സമ്മതം ചോദിച്ചു. ഹുസൂർ എനിക്ക് ഓഫീസിൽ എത്തണം. ഹദ്റത്ത് സാഹിബ് പൊതുവിൽ അനുവാദം നൽകാറുണ്ട്. എന്നാൽ ആ ദിവസം അനുവാദം നൽകിയില്ല. തിങ്കളാഴ്ച കാലത്താണ് അനുവാദം നൽകിയത്. ഇവിടെ നിന്ന് 11 മണിക്കുള്ള വണ്ടിയിൽ യാത്ര ചെയ്ത് 3 മണിക്ക് ലാഹോറിൽ എത്തി. ഉടനെ കുതിരവണ്ടിയിൽ കയറി മൂന്നരക്ക് ഓഫീസിൽ എത്തി. കസേരയിൽ ഇരുന്നതെ ഉണ്ടാ

യിരുന്നുള്ളൂ. (ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ വാക്കുകൾ കേട്ടതുകൊണ്ട് അല്ലാഹു ഏതുരീതിയിലാണ് സഹായിച്ചത് എന്ന് നോക്കുക. അത്ഭുതകരമായ ഒരു സംഭവമാണ് നടന്നത്.) കസേരയിൽ ഇരുന്നതെ ഉണ്ടായിരുന്നുള്ളൂ. ഓഫീസിലെ ക്ലാർക്ക് വന്നുകൊണ്ട് ചോദിച്ചു. 12 മണിക്ക് താങ്കൾക്ക് നൽകിയ പേപ്പറുകൾ എല്ലാം ശരിയാക്കിക്കഴിഞ്ഞോ. (ഇദ്ദേഹം എത്തിയത് തന്നെ മൂന്നര മണിക്കാണ്.) പിന്നീട് ഒരു ഓഫീസർ വന്നു പറഞ്ഞു. ചിറാഗ്ദീൻ പതിനൊന്ന് മണിക്ക് താങ്കൾ തന്ന കത്തിനുള്ള മറുപടിയാണിത്. (ആ ഓഫീസർക്ക് ആരോ കത്ത് കൊടുത്തപ്പോൾ അദ്ദേഹം ധരിച്ചത് ചിറാഗ്ദീനാണ് തന്നതെന്നാണ് അല്ലെങ്കിൽ അല്ലാഹുവിന്റെ മലക്കുകൾ അങ്ങനെയുള്ള പ്രവർത്തനങ്ങൾ ചെയ്തിരിക്കാം.) പറയുന്നു. ഓഫീസിലുള്ള ഓരോ വ്യക്തിയും മനസ്സിലാക്കിയിരുന്നത് ഞാൻ ഓഫീസിൽ തന്നെയുണ്ടായിരുന്നു എന്നാണ്. വൈകുന്നേരം നാലുമണി ആയപ്പോൾ ഞാൻ ഓഫീസിൽ നിന്നും വീട്ടിലേക്ക് പുറപ്പെട്ടു. ഇതും അനുസരണത്തിന്റെ ഉദാഹരണമാണ്. അതോടൊപ്പം സഹാബാക്കളെ അല്ലാഹു എങ്ങനെ സഹായിച്ചു എന്നും വ്യക്തമാണ്.

ഹദ്റത്ത് മീർ മഹ്ദി ഹസൻ സാഹിബ് വിവരിക്കുന്നു. ഹുസൂർ എന്നെ വിളിച്ചുകൊണ്ട് പറഞ്ഞു. ലങ്കറിൽ ഇന്ധനമില്ല. നിങ്ങൾ ഗ്രാമത്തിൽ പോയി കൽക്കരി വാങ്ങിക്കൊണ്ടുവന്നാലും. ഇന്നു വൈകുന്നേരം തന്നെ തിരിച്ചെത്തണം. കാരണം നാളേക്ക് ലങ്കർ ഖാനയിൽ വിറകൊട്ടുമില്ല. എന്നിട്ട് ഇന്ധനം വാങ്ങാൻ നാലുരൂപ എനിക്ക് തന്നു.

ഞാൻ ആ രൂപയുമായി നേരെ പോയത് മസ്ജിദ് മുബാറക്കിന്റെ മുകളിലേക്കാണ്. മസ്ജിദിൽ നിന്നും വേറിട്ട് നിൽക്കുന്ന മിനാരത്തിന്റെ അടുത്ത് ചെന്ന് ദുആ ചെയ്തു. ഇലാഹീ! നിന്റെ മസീഹ് ഒരു ജോലി എന്നെ ഏൽപ്പിച്ചിരിക്കുന്നു. എനിക്കാണെങ്കിൽ ഇതിനെക്കുറിച്ച് ഒന്നും അറിയില്ല. ഇന്ധനവുമായി ഇന്ന് വൈകുന്നേരം എനിക്കിവിടെ തിരിച്ചെത്താൻ കഴിയുന്ന വഴി എനിക്ക് കാണിച്ചുതന്നാലും. എനിക്ക് മിനാരത്തിന്റെ അൽപം മുകളിൽ നിന്ന് ഒരു അശരീരി വന്നു. മരുഭൂമിയാണ് എന്നതാണ് ആ ശബ്ദം. എന്റെ കാലിലുള്ള മുറിവുകൾ കാരണം അല്ലാഹു എന്നെ തടഞ്ഞിരിക്കുകയാണെന്ന് ഞാൻ കരുതി. ഞാൻ വീണ്ടും ദുആ ചെയ്തു. അല്ലാഹുവെ! ഞാൻ മുടന്തി മുടന്തി പോകാം. എന്നാലും നിന്റെ മസീഹിന്റെ കൽപന വൈകുന്നേരമാകുമ്പോഴേക്കും നിറവേറ്റപ്പെടണം. വീണ്ടും ശബ്ദം വന്നു. ഇവിടെതന്നെ വരുന്നതാണ്. എവിടെയും പോകേണ്ട ആവശ്യമില്ല. ഞാൻ നന്ദി പ്രകടിപ്പിച്ചുകൊണ്ട് സുജൂദ് ചെയ്തു. ഇതേപോലെ മസീഹിന്റെ ജോലി പൂർത്തിയാകുന്നതാണ്. ലോകത്ത് വിജയിക്കുന്നതാണ്.

ഞാൻ അതേ സ്ഥലത്ത് തന്നെ ഇരുന്ന് ദുആ ചെയ്തുകൊണ്ടിരുന്നു. ഇലാഹി! വൈകുന്നേരമാകുമ്പോഴേക്കും മസീഹിന്റെ മുമ്പിൽ എനിക്ക് നാണിച്ച് തലതാഴ്ത്തേണ്ടതായി വരരുത്. ഉടനെ ഞാൻ മനസ്സിൽ കരുതി; എന്റെ ഇൽഹാമുകൾ സത്യമായി പുലരാൻ ഞാൻ നബിയൊ വലിയ്യോ ഒന്നുമല്ലല്ലോ. ഞാൻ എവിടെയെങ്കിലും പോകേണ്ടതു തന്നെയാണ്. പിന്നെ എനിക്ക് വന്ന ചിന്ത ആരെങ്കിലും വൈകുന്നേരത്തേക്ക് ഭക്ഷണത്തിന് അവന്റെ വീട്ടിലേക്ക് ക്ഷണിച്ചാൽ സംശയിക്കേണ്ട കാര്യമെന്തിരിക്കുന്നു. എനിക്ക് അല്ലാഹുവിന്റെ ക്ഷണത്തിൽ ദൃഢനിശ്ചയം ഉണ്ടായിരിക്കേണ്ടതാണ്. അവൻ തീർച്ചയായും ഇവിടെ ഇന്ധനം എത്തിക്കുന്നതാണ്. ഇതിൽ ഞാൻ സംതൃപ്തനായിക്കൊണ്ട് മസ്ജിദിന്റെ മുകളിൽ തന്നെ ഇരുന്നു.

ളുഹറിന്റെ സമയം അടുത്തെത്തി. താഴെ ഇറങ്ങിയപ്പോൾ ഹദ്റത്ത് സാഹിബ് എനിക്ക് പണം നൽകിയപ്പോൾ അടുത്തുണ്ടായിരുന്ന വേലക്കാരി എന്നെ കണ്ടു, എന്നോട് ചോദിച്ചു. ഇതുവരെ നിങ്ങൾ ഇന്ധനം വാങ്ങാനായി പോയിട്ടില്ലെ. ഞാൻ മനസ്സിൽ കരുതി. ഇക്കാര്യം ഹുസൂറിന്റെ അടുത്തെത്തും. മാത്രമല്ല ഇൽഹാമും ഉണ്ടാകും. അത് പൂർത്തിയാകുകയും ചെയ്യു. ഞാൻ പറഞ്ഞു. വ്യസനിക്കേണ്ട കാര്യമില്ല, ഇന്ധനം ഇവിടെതന്നെ എത്തും എന്ന് അല്ലാഹു എനിക്ക് ഇൽഹാം ഇറക്കിയിട്ടുണ്ട്. ഇതുകേട്ടപ്പോൾ ചൂടായിക്കൊണ്ട് അവർ പറഞ്ഞു. ഇൽഹാം ഇല്ലാതെ നിങ്ങൾ എവിടെയും പോകില്ല എന്നാണോ നിങ്ങൾ പറയുന്നത്. ഞാൻ ഇക്കാര്യം ഉടനെ ചെന്ന് ഹദ്റത്ത് സാഹിബിനോട് പറയട്ടെ. വേലക്കാരി ഇതിനെ മറ്റൊരു രീതിയിലാണ് എടുത്തത്. അങ്ങനെ അവർ പോയി പറഞ്ഞു. ഞാൻ തടഞ്ഞിട്ടും അവൾ വകവെക്കാതെ ഹുസൂറിന്റെ അടുത്ത് ചെന്ന് ഇങ്ങനെ പറഞ്ഞു. അദ്ദേഹം പറയുന്നത് എനിക്ക് ഇൽഹാം ഉണ്ടാകാതെ ഞാൻ എവിടേയും പോകില്ല എന്നാണ്. ഞാൻ ചിന്തിച്ചു. ഹുസൂർ തീർച്ചയായും എന്നെ വിളിച്ച് ഇക്കാര്യം അന്വേഷിക്കുന്നതാണ്. അങ്ങനെ എനിക്ക് എന്റെ ഇൽഹാമിനെക്കുറിച്ച് പറയേണ്ടതായി വരും. ഒരു ഭിക്ഷുകന് തന്റെ യജമാനന്റെ മുമ്പാകെ ഞാനും പണക്കാരനാണെന്ന് എങ്ങനെ പറയാൻ കഴിയും. ഹദ്റത്ത് സാഹിബിന് ഇൽഹാം ഉണ്ടാകാറുണ്ട്. അപ്പോൾ എനിക്കും ഉണ്ടെന്ന് എനിക്കെങ്ങനെ പറയാൻ കഴിയും. അതുകൊണ്ട് ഞാൻ ഉടനെ മസ്ജിദിന്റെ സ്റ്റെപ്പുകൾ ഇറങ്ങി ബട്ടാലയിലേക്കുള്ള വഴിയിലേക്ക് ഓടി. എന്നിട്ട് എന്നെ വിളിക്കാനായി ആരെങ്കിലും വരുന്നുണ്ടോ എന്ന് പിന്നിലേക്ക് തിരിഞ്ഞുനോക്കി.

ബട്ടാലയിലേക്ക് പോകുന്ന ഗൈറ്റിന്റെ അടുത്തെത്തിയപ്പോൾ ഞാൻ ഉറച്ച തീരുമാനമെടുത്തു. സിക്കുവാൻ എന്ന സ്ഥലത്ത് പോയി ഇന്ധനം അന്വേഷിക്കാം. മൗലവി ഇമാമുദ്ദീൻ, ഖൈറുദ്ദീൻ എന്നിവരോട് സഹായം തേടി അവരെയും കൂട്ടി ഈ ജോലി ചെയ്യാം. കുറച്ചുദൂരം ചെന്നപ്പോൾ അല്ലാഹു പറഞ്ഞത് ഞാൻ ചിന്തിച്ചു. അല്ലാഹു പറഞ്ഞത് ഇവിടെ വരും എന്നാണ്. ഇനി ഞാൻ പുറത്ത് പോകുകയാണെങ്കിൽ പണം ഉള്ളത് എന്റെ കൈവശമാണ്. പിന്നെ ഇത് എങ്ങനെ നടക്കും. അതുകൊണ്ട് ഞാൻ തിരിച്ചുവന്ന് വീണ്ടും പള്ളിയുടെ മുകളിൽ തന്നെ വന്നിരുന്നു. എന്നിട്ട് ദുആ ചെയ്തുകൊണ്ടിരുന്നു. അല്ലാഹുവേ നീ നിന്റെ വാഗ്ദാനം പൂർത്തിയാക്കിയാലും.

പഹാഡിയ എന്ന് പറയുന്ന പീരാദിത്ത എന്ന ഒരു വേലക്കാരൻ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന് ഉണ്ടായിരുന്നു. എന്നെ കണ്ടിട്ട് പറഞ്ഞു. ഇന്ധനത്തിന്റെ ഉന്തുവണ്ടി പഹാടി കവാടത്തിന്റെ അടുത്ത് വന്നിട്ടുണ്ട്. പോയി വാങ്ങിച്ചുകൊണ്ടുവരൂ.ഞാൻ ഉടനെ കൃതജ്ഞതയുടെ സുജൂദ് ചെയ്തു. ആ വ്യക്തിയുടെ കൂടെ ചെന്ന് നോക്കിയപ്പോൾ ഒരു ഉന്തുവണ്ടിയിൽ കൽക്കരിയായിരുന്നു. മറ്റേതിൽ വിറകും. ആ കൽക്കരിക്ക് വേണ്ടി 12 ആളുകൾ ലേലം വിളിച്ചുകൊണ്ടിരിക്കുകയായിരുന്നു. രണ്ട് രണ്ട് അണ കൂട്ടിയാണ് ലേലം വിളിച്ചുകൊണ്ടിരുന്നത്. ഒരു രൂപ പന്ത്രണ്ട് അണ വരെയും ലേലത്തുക എത്തി. മിയാൻ നജ്മുദ്ദീൻ സാഹിബ് 2 അണ കൂട്ടി പറയിപ്പിച്ച് അത് കരസ്ഥമാക്കാൻ ശ്രമിച്ചു. ഞാൻ വിളിച്ചു പറഞ്ഞു. എത്ര ഇന്ധനമുണ്ടെന്ന് ഞാൻ ഒന്ന് നോക്കട്ടെ. ഉന്തുവണ്ടിയുടെ അടുത്ത് ചെന്ന് നോക്കിയിട്ട് പറഞ്ഞു. 1 രൂപ 12 അണയിൽ കൂടുതൽ ഒരു പൈസക്ക് പോലും ഇതിൽ ഇന്ധനമില്ല. ഇഷ്ടമുള്ളവർക്ക് വാങ്ങാം. അതും പറഞ്ഞ് ഞാൻ തിരിച്ചുവന്നു. മനസ്സിൽ ഇപ്രകാരം പറഞ്ഞുകൊണ്ടിരുന്നു. നാഥാ നിന്റെ ഫള്ലില്ലാതെ ഇതെനിക്ക് ലഭിക്കില്ല.

ഞാൻ തിരിച്ചുവന്നതോടുകൂടി അവിടെയുള്ളവരെല്ലാം പിരിഞ്ഞുപോയി. പീരാദത്ത അവിടെതന്നെ നിന്നു. ആളുകൾ ഒഴിഞ്ഞത് കണ്ടപ്പോൾ പീരാ ദത്ത ഉന്തുവണ്ടിക്കാരനോട് പറഞ്ഞു. എന്റെ കൂടെ ഇത് കൊണ്ടുവരിക. ഞാൻ നിങ്ങൾക്ക് ഒരു രൂപ പന്ത്രണ്ട് അണ വാങ്ങിത്തരാം. ഉന്തുവണ്ടിക്കാരൻ അയാളുടെ കൂടെ നടന്നു. ഞാനപ്പോൾ മസ്ജിദ് മുബാറക്കിൽ ദുആ ചെയ്യുകയായിരുന്നു. അപ്പോൾ ഞാൻ കേൾക്കുന്നത് ഉന്തുവണ്ടി വന്നിട്ടുണ്ടെന്നും ഇതിനെ ഏറ്റെടുത്താലും എന്ന പീരാദത്തയുടെ ശബ്ദമാണ്. ഉന്തുവണ്ടിയുമായി അതിഥി മന്ദിരത്തിൽ ഞാൻ എത്തി. പറഞ്ഞതുപോലെ ചെയ്തിരിക്കുന്നു എന്ന് ഹുസൂറിനെ അറിയിക്കാം എന്ന്

കരുതി. അപ്പോൾ എന്റെ മനസിൽ വന്നത് ഇതെന്തിനാണ് ഞാൻ പോയി പറയുന്നത്. അല്ലാഹു ഹദ്റത്ത് സാഹിബിനെ നേരിട്ട് അറിയിക്കുന്നതായിരിക്കും. ഞാൻ അറിയിക്കേണ്ട ആവശ്യമില്ല.

സുബഹിക്ക് നടക്കാനായി ഹദ്റത്ത് സാഹിബ് ഇറങ്ങി. കുളത്തിന്റെ അടുത്തെത്തി മീർ സാഹിബ് ഉണ്ടാക്കിയ റോഡ് വീക്ഷിച്ച് തിരിച്ചുവന്നപ്പോൾ തമാശരൂപത്തിൽ ഹുസൂർ പറഞ്ഞു. ഇവിടെ ഒരു മഹ്ദി ഹസൻ വന്നിട്ടുണ്ട്. ഇന്ധനം കൊണ്ടുവരാൻ അദ്ദേഹത്തോട് ഞാൻ പറഞ്ഞിരുന്നു. എന്നാൽ അദ്ദേഹം പറയുന്നത് എനിക്ക് ഇൽഹാം ഉണ്ടായാൽ മാത്രമേ ഞാൻ ഈ ജോലി ചെയ്യുകയുള്ളൂ എന്നാണ്. ( ആ സ്ത്രീ കേൾപ്പിച്ചതുപോലെ പറഞ്ഞു) ഇതുകേട്ട് എല്ലാവരും ചിരിച്ചു. ഏതായിരുന്നാലും അല്ലാഹു അദ്ദേഹത്തെ സഹായിച്ചത് ഏത് രീതിയിലാണെന്ന് നോക്കുക. അദ്ദേഹത്തിന് ചില ബുദ്ധിമുട്ടുകൾ ഉണ്ടായിരുന്നു. അല്ലാഹു തന്റെ അസ്തിത്വം തെളിയിച്ചുകാണിച്ചു. അദ്ദേഹത്തിന്റെ ദുആക്ക് ഉത്തരം നൽകി. എല്ലാ കാര്യങ്ങളും ഭംഗിയായി നടക്കുകയും ചെയ്തു.)

ഹദ്ത്ത് മൗലാനാ ഗുലാം റസൂൽ സാഹിബ് രാജകി (റ) വിവരിക്കുന്നു. ഒരിക്കൽ ഞാൻ ദാറുൽ അമാനിൽ ആയിരുന്നു. ഈ സംഭവം 1905 ൽ നടന്നതാണെന്ന് തോന്നുന്നു. മിയാൻ അബ്ദുൽ ഹമീദ് ഖാൻ സാഹിബ് കപൂർത്തൽവി, ഇദ്ദേഹം ഖാൻ സാഹിബ് മിയാൻ മുഹമ്മദ് ഖാൻ സാഹിബിന്റെ മൂത്ത മകനാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ) മിയാൻ മുഹമ്മദ് ഖാൻ സാഹിബിനെക്കുറിച്ച് ഇസാലെ ഔഹാം എന്ന ഗ്രന്ഥത്തിൽ പ്രത്യേക വാക്കുകളിൽ അദ്ദേഹത്തെക്കുറിച്ച് വിവരിച്ചിട്ടുണ്ട്. ഖാൻ സാഹിബ് അബ്ദുൽ മജീദ് ഖാൻ സാഹിബ് എന്നോട് പറഞ്ഞു. താങ്കൾ കപൂർത്തലയിലേക്ക് വരിക. അവിടെ ഞങ്ങൾക്ക് ദർസ് നൽകാനും തബ്ലീഗിനുമായി കുറച്ച് ദിവസം താമസിക്കുക. ഞാൻ പറഞ്ഞു. ഞാൻ ദാറുൽ അമാനിൽ തന്നെ താമസിക്കുന്നതാണ്. ഇവിടെ നിന്ന് പോകുകയാണെങ്കിൽ എന്റെ നാട്ടിലേക്ക് തന്നെ തിരിച്ചുപോകുന്നതാണ്. അപ്പോൾ അദ്ദേഹം പറഞ്ഞു. ഞാൻ താങ്കളെക്കുറിച്ച് ഒരു അപേക്ഷ എഴുതി ഹദ്റത്ത് സാഹിബിന് കൊടുത്ത് ഹുസൂർ പോകാൻ പറഞ്ഞാലും താങ്കൾ പോകില്ലേ. അപ്പോൾ ഞാൻ പറഞ്ഞു. അങ്ങനെയാണെങ്കിൽ എനിക്ക് പോകാതിരിക്കാൻ പറ്റുമോ. എനിക്ക് എന്തായാലും പോകേണ്ടതായി വരും. അങ്ങനെ അദ്ദേഹം ഒരു അപേക്ഷ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന് എഴുതി. മൗലവി ഗുലാം റസൂൽ സാഹിബ് രാജകിയോട് എന്നോടൊപ്പം കപൂർത്തലയിലേക്ക് വരാൻ വേണ്ടി പറഞ്ഞാലും. അവിടെ ദർസ് നൽകാനും തബ്ലീഗിനുമായി കുറച്ച് ദിവസം താമസിക്കാൻ പറഞ്ഞാലും.

ഈ അപേക്ഷക്ക് മറുപടിയായി ഹദ്റത്ത് മസീഹ് മൗഊദ് (അ) ഒരാളെ പറഞ്ഞുവിട്ടു വാക്കാൽ മറുപടി അറിയിച്ചു. അദ്ദേഹത്തിന് ഇതിനായി പോകാവുന്നതാണ്. ഞാൻ അനുവാദം നൽകുന്നു. അതിനുശേഷം ഞാൻ കപൂർത്തലയിലേക്ക് പോയി. ആറുമാസം വരെ അവിടെ ദർസും തബ്ലീഗും എല്ലാം ചെയ്തുകൊണ്ടിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ നിർദ്ദേശത്താലും അനുവാദത്താലും ഇസ്ലാമിനുവേണ്ടി യാത്ര ചെയ്യാനുള്ള എനിക്ക് ലഭിച്ച ആദ്യ അവസരമായിരുന്നു ഇത്.

ഹദ്റത്ത് മിയാൻ ഖൈറുദ്ദീൻ സാഹിബ് വിവരിക്കുന്നു. കരംദീന്റെ കേസ് നടന്നുകൊണ്ടിരിക്കുമ്പോൾ ഞാൻ ഗുരുദാസ്പൂരിലായിരുന്നു. മഗ്രിബ് സമയമായിരുന്നു. ഹുസൂർ പറഞ്ഞു. ഫിറോസുദ്ദീൻ സാഹിബ് ഡസ്ക്കരി വന്നിട്ടില്ല. (അദ്ദേഹം അഹ്മദി ആയിരുന്നില്ല. നല്ല ആത്മാർത്ഥത അദ്ദേഹത്തിന് ഉണ്ടായിരുന്നു.)

തുടർന്ന് ഹുസൂർ മൗലവി സാഹിബിനോട് പറഞ്ഞു. മൗലവി നൂർ അഹ്മദ് ലോധി നങ്കൽ വാലയെ അറിയുന്ന ഒരാളെ വിളിക്കുക. ഞാൻ ഹാജരായി. എന്നിട്ട് പറഞ്ഞു. ഹുസൂർ എനിക്കിയാളെ അറിയാം. പറഞ്ഞു. ഇപ്പോൾ തന്നെ പോയി നാളെ 9 മണിക്ക് മുമ്പേ അദ്ദേഹത്തെയും കൂട്ടി വരിക. ഞാൻ രാത്രിയിൽ തന്നെ അവിടെ എത്തി. കുറച്ചുസമയം വെള്ളത്തിനായി നിർമ്മിച്ച കനാലിന്റെ അടുത്ത് അൽപം വിശ്രമിച്ചു. കാലത്ത് അവിടെ എത്തി. മൗലവി സാഹിബ് നമസ്ക്കാരത്തിന് ശേഷം കുട്ടികളെ പഠിപ്പിക്കുകയായിരുന്നു. എന്നെ കണ്ട് ദൂരെ നിന്ന് തന്നെ വർത്തമാനങ്ങൾ ആരാഞ്ഞു. എന്തിനാണ് വന്നത് എന്ന് ചോദിച്ചു. ഞാൻ പറഞ്ഞു. ഗുരുദാസ്പൂരിൽ നിന്നാണ് വരുന്നത്. ഹുസൂർ വിളിപ്പിച്ചിട്ടുണ്ട്. മൗലവി സാഹിബ് ഉടനെ പുസ്തകം അടച്ചുവെച്ചു. എന്നിട്ട് ഈ ആയത്ത് പാരായണം ചെയ്തു. يَاَيُّهَا الَّذِيْنَ اٰمَنُوا اسْتَجِيْبُوْا لِلّٰهِ وَلِلرَّسُوْلِ اِذَا دَعَاكُمْ لِمَا يُحْيِيْكُمْ

വിശ്വാസികളെ അല്ലാഹുവും അവന്റെ റസൂലും നിങ്ങളെ ജീവിപ്പിക്കാനായി വിളിക്കുമ്പോൾ അവരുടെ വിളിക്ക് നിങ്ങൾ ഉത്തരം നൽകുക. വീട്ടിൽ പോലും പോകാതെ എന്റെ കൂടെ ഇറങ്ങിപ്പുറപ്പെട്ടു. ഒമ്പതു മണിയോടടുത്ത് ഞങ്ങൾ അവിടെ എത്തി.

ഹദ്റത്ത് ഖലീഫ നൂറുദ്ദീൻ സാഹിബ് ജമ്മു പറയുന്നു. പട്ടണത്തിൽ പര്യടനം നടത്തിക്കൊണ്ടിരിക്കുന്ന ജോലിസമയങ്ങളിൽ എവിടെയെല്ലാം ചെന്നാലും ഹുസൂറിനെക്കുറിച്ച് അവിടത്തുകാരോട് ഞാൻ അന്വേഷിക്കും. ഈ കാര്യങ്ങളെക്കുറിച്ച് ചിലപ്പോൾ മൗലാനാ നൂറുദ്ദീൻ സാഹിബിനോട് (ഖലീഫ അവ്വലിനോട്) പറയാറും ഉണ്ടായിരുന്നു. ഒരിക്കൽ ഞാൻ ഖാനിയാർ മുഹല്ലയിലൂടെ നടന്നുപോകുകയായിരുന്നു. ഒരു കബറിൽ വൃദ്ധയായ സ്ത്രീ ഇരിക്കുന്നതായി കണ്ടു. ഞാൻ ചോദിച്ചു. ഇത് ആരുടെ കബറാണ്. അവർ പറഞ്ഞു. ഇത് നബി സാഹിബിന്റെതാണ്. ഈ കബർ യൂസ് ആസഫ് ശഹ്സാദാനബി, നബിസാഹിബിന്റെ കബർ എന്ന പേരിൽ പ്രസിദ്ധമായിരുന്നു. ഞാൻ ചോദിച്ചു. ഇവിടെ എവിടെനിന്നാണ് ഒരു നബി വരിക. അവർ പറഞ്ഞു. ഈ നബി വളരെ ദൂരെ നിന്നാണ് വന്നത്. എത്രയോ നൂറ്റാണ്ടുകൾ മുമ്പേ ഇവിടെ വന്നതാണ്. തുടർന്ന് പറഞ്ഞു. യഥാർത്ഥ കബർ താഴെയാണ്. ഇതിൽ ഒരു ധ്വാരമുണ്ടായിരുന്നു. അതിൽ നിന്നും സുഗന്ധം വരാറുണ്ടായിരുന്നു. എന്നാൽ വെള്ളപ്പൊക്കം വന്നതുകാരണം ആ സുഗന്ധം വരുന്നത് നിന്നുപോയി.

ഇക്കാര്യവും ഞാൻ മൗലവി സാഹിബിനോട് പറഞ്ഞു. (ഖലീഫത്തുൽ മസീഹ് അവ്വലിനോട്.) ഈ സംഭവം നടന്ന് ഒരു ദീർഘകാലം കഴിഞ്ഞു. മൗലവി സാഹിബ് തന്റെ ജോലിയെല്ലാം ഉപേക്ഷിച്ച് ഖാദിയാനിലേക്ക് വന്നു. ഒരു ദിവസം ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ സദസ്സിൽ അവിടെ മൗലവിസാഹിബും ഉണ്ടായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞു. എനിക്ക് وَّ اٰوَيْنٰهُمَآ اِلٰى رَبْوَةٍ ذَاتِ قَرَارٍ وَّمَعِيْنٍ

എന്ന ആയത്തിൽ നിന്നും മനസ്സിലാകുന്നത് കുരിശ് സംഭവത്തിന് ശേഷം ഹദ്റത്ത് ഈസ (അ) കശ്മീർ പോലുള്ള ഏതോ സ്ഥലത്ത് വന്നിരിക്കാനാണ് സാധ്യത എന്നാണ്. അപ്പോൾ ഖലീഫ അവ്വൽ (റ) ഖാനിയാറിലെ കബറിനെക്കുറിച്ചുള്ള എന്റെ രിവായത്ത് കേൾപ്പിച്ചു. ഹുസൂർ എന്നെ വിളിപ്പിച്ചു. ഇതിനെക്കുറിച്ച് വളരെ വിശദമായി അന്വേഷിക്കാൻ പറഞ്ഞു. ഞാൻ കൂടുതൽ അന്വേഷണം നടത്തുകയും കശ്മീരിൽ മുഴുവനും ചുറ്റിക്കറങ്ങി 560 പണ്ഢിതന്മാരിൽ നിന്നും ഒപ്പ് വാങ്ങി ഈ കബറിനെക്കുറിച്ചുള്ള റിപ്പോർട്ട് ഹുസൂറിന് നൽകി. അത് ഹുസൂർ ഇഷ്ടപ്പെടുകയുണ്ടായി.

ഹദ്റത്ത് സെയ്യിദ് താജ് ഹുസൈൻ സാഹിബ് ബുഖാരി വിവരിക്കുന്നു. ഹദ്റത്ത് അഖ്ദസ് സിയാൽ കോട്ടിൽ മീർ അഹ്മദ് ശാ സാഹിബിന്റെ വീട്ടിൽ താമസിക്കുകയായിരുന്നു. ഞാൻ ഹുസൂറിന്റെ അടുത്ത് എന്റെ ഉപ്പാപ്പ ഹദ്റത്ത് സയ്യിദ് ആമിർ അലി സാഹിബിനോടൊപ്പം ഹാജരായി. ഹുസൂർ തന്റെ ബൈഅത്തിൽ ഉൾപ്പെടുത്തി. എന്നിട്ട് പറഞ്ഞു. ഖാദിയാനിൽ വന്നു പഠിക്കുക. നീ വിദേശത്തെ കിരീടമായി മാറുന്നതാണ്. 1906ൽ ഞാൻ ഖാദിയാനിൽ തഅ്ലീമുൽ ഇസ്ലാം ഹൈസ്ക്കൂളിൽ

ചേർന്ന് പഠിക്കാൻ തുടങ്ങി. പലപ്പോഴും ഹുസൂറിന്റെ സമക്ഷം ഹാജരാകാറുണ്ടായിരുന്നു. പലവുരു നടക്കാനും കൂടെ പോയിരുന്നു.

ഹദ്റത്ത് മിയാൻ സോനെ ഖാൻ സാഹിബ് വിവരിക്കുന്നു. ഈ എളിയവൻ 1899 ൽ പട്ടിയാല ജില്ലയിൽ റവന്യൂ വകുപ്പിൽ ജോലിയിൽ പ്രവേശിച്ചു. അളന്ന് തിട്ടപ്പെടുത്തുന്ന ജോലിയായിരുന്നു എനിക്ക്. ശേഖ് ഹാശിം അലി ബത്തോരി ഗർദാവർ ആയിരുന്നു നിയമജ്ഞൻ. ഞങ്ങളെ പരിശോധിക്കാനായി വന്നു. ജോലി കണ്ട് വളരെ സന്തോഷവാനായി. അദ്ദേഹം ചോദിച്ചു. നിങ്ങളുടെ അടുത്ത് നിന്ന് ഖാദിയാൻ എത്ര അകലെയാണ്. ഞാൻ പറഞ്ഞു. 30 മൈൽ ദൂരമുണ്ട്. ശൈഖ് സാഹിബ് പറഞ്ഞു. ഞാൻ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ സേവകനാണ്. അദ്ദേഹം പറഞ്ഞു. (ഈ സമയത്ത് അദ്ദേഹം അഹ്മദി അല്ലായിരുന്നു). ഒരു മിർസാ സാഹിബുണ്ട്, തോട്ടികളുടെ ഗുരുവാണദ്ദേഹം. ഒരാളാണെങ്കിൽ ഈസയായിട്ടുണ്ട്. (നഊദുബില്ലാഹ്) അങ്ങനെ പണം വാരിക്കൂട്ടുകയാണ്.

ഹട്ട് എന്ന സ്ഥലത്ത് ഒരു വലിയുല്ലായുടെ കബർ ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ പേര് ഫതഹ് അലി ശാ എന്നതാണ്. കുറച്ച് ദിവസം കഴിഞ്ഞപ്പോൾ സ്വപ്നത്തിൽ അദ്ദേഹത്തിന്റെ കബറിൽ ഹദ്റത്ത് മസീഹ് മൗഊദ് വന്നു. ഞാൻ മസീഹ് മൗഊദിനുവേണ്ടി വിരിപ്പ് വിരിച്ചു. ഹദ്റത്ത് സാഹിബ് അതിൽ ഇരുന്നു. ഞാൻ അദ്ദേഹത്തിന്റെ സവിധത്തിൽ ഹാജരായി. (തന്റെ സ്വപ്നമാണ് വിവരിക്കുന്നത്) സേവനങ്ങൾ ചെയ്തുകൊണ്ടിരുന്നു.

ഒരു മാസം തുടർച്ചയായി ഈ അവസ്ഥ തന്നെയായിരുന്നു. ഇതിനുശേഷം അവിടെ കബറടക്കം ചെയ്ത ശാ ഫതഹ് അലി സാഹിബ് എനിക്ക് സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ടു. എന്നിട്ട് പറഞ്ഞു. ഖാദിയാനിൽ കാലത്തിന്റെ ഇമാം ജനിച്ചിട്ടുണ്ട്. ഞാൻ ചോദിച്ചു. മിർസാ ഗുലാം അഹ്മദ് ആണോ. അപ്പോൾ ആ ഭക്തൻ പറഞ്ഞു. മിർസാ ഗുലാം അഹ്മദ് സാഹിബ്.ഞാൻ ഇങ്ങനെയുള്ള സ്വപനം സ്വന്തം ചിന്തകളായിരിക്കും എന്ന് കരുതി മിണ്ടാതിരുന്നു. കുറച്ച് ദിവസങ്ങൾക്ക് ശേഷം സ്വപ്നത്തിൽ വന്ന ആ വ്യക്തി വീണ്ടും പ്രത്യക്ഷപ്പെട്ടു. എന്നോട് ചോദിച്ചു. നീ ഇതുവരെ ഖാദിയാനിൽ പോകാത്തതെന്തേ. എന്തുകൊണ്ട് ബൈഅത്ത് ചെയ്തില്ല. വേഗം പോയി ബൈഅത്ത് ചെയ്യുക. ഞാൻ ഉറച്ച തീരുമാനമെടുക്കുകയും അവധി എടുത്ത് വീട്ടിലേക്ക് വരികയും ചെയ്തു. കുടുംബപരമായ ചില പ്രശ്നങ്ങൾ കാരണം എനിക്ക് അൽപം താമസം നേരിട്ടു. അതേ വലിയുള്ള വീണ്ടും സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ടു. ഞാൻ നിന്നോട് വീട്ടിൽ ഇരിക്കാനല്ല പറഞ്ഞത്. ഉടനെ ഖാദിയാനിൽ പോയി ബൈഅത്ത് ചെയ്യുക.

ആ ദിവസം ഈ എളിയവൻ വീട്ടിൽ നിന്നും യാത്ര പുറപ്പെട്ട് രാസ്കോ എന്ന വഴിയിലൂടെ നടന്നു. എന്റെ ബന്ധുക്കളുള്ള സ്ഥലത്ത് രാത്രി തങ്ങി. അവർ പറഞ്ഞു. കുറച്ച് കഴിഞ്ഞിട്ട് പോകാം. ഞാൻ അവരുടെ അഭിപ്രായം അംഗീകരിച്ചു. രാത്രിയിൽ സ്വപ്നത്തിൽ ശാഹ് ഫതഹ് അലീ സാഹിബ് വീണ്ടും പ്രത്യക്ഷപ്പെട്ടു. പറഞ്ഞു. 15 മൈൽ യാത്ര ചെയ്തു കഴിഞ്ഞു. 17 മൈൽ ഇനി ബാക്കിയുണ്ട്. നാം നിങ്ങളുടെ കൂടെയുണ്ട്. എന്തിനാണ് ഭയപ്പെടുന്നത്. തുടർന്ന് രാവിലെ തന്നെ യാത്ര തുടർന്നു. ഖാദിയാനിൽ എത്തി.

ജനാബ് മസീഹ് മൗഊദ് (അ) കുറേ ആളുകളോടൊപ്പം വടക്കോട്ട് നടക്കാൻ പോയതായിരുന്നു. ജനങ്ങളോട് ഞാൻ ചോദിച്ചു. എന്തിനാണ് കാട്ടിൽ ജനങ്ങൾ ഇത്രയും തടിച്ചുകൂടിയിരിക്കുന്നത്. അപ്പോൾ ആളുകൾ പറഞ്ഞു. മിർസാ സാഹിബ് നടക്കാൻ ഇറങ്ങിയിട്ടുണ്ട്. അദ്ദേഹത്തിന്റെ കൂടെ പോകാം. ഞാനും അവരുടെ കൂടെ കൂടി. അങ്ങനെ ഹദ്റത്ത് സാഹിബിന്റെ അടുത്ത് ചെന്ന് അസ്സലാമു അലൈകും എന്ന് പറഞ്ഞു. കൈകൊടുത്തു. മിർസാ സാഹിബ് എന്നോട് ചോദിച്ചു. എവിടെ നിന്നാണ് വരുന്നത്. ഹോശിയാർപൂർ ജില്ലയിലെ മൊട്ടിയാന എന്ന സ്ഥലത്ത് നിന്ന്. ചോദിച്ചു. നിങ്ങളുടെ പേരെന്താണ്. ഞാൻ പറഞ്ഞു. സോനേ ഖാൻ. സ്വപ്നക്കാരനായ സോനെഖാനാണോ താങ്കൾ. (ഹദ്റത്ത് മസീഹ് മൗഊദ് (അ) നും അല്ലാഹു അദ്ദേഹത്തെക്കുറിച്ചും പറഞ്ഞുകൊടുത്തിട്ടുണ്ടെന്ന് തോന്നുന്നു) ഞാൻ പറഞ്ഞു. അതേ താങ്കളുടെ സേവകനാണ്. പറഞ്ഞു. മൂന്ന് ദിവസം വരെ ഇവിടെ താമസിക്കുക. മൂന്ന് ദിവസത്തിനുശേഷം ബൈഅത്ത് വാങ്ങുന്നതാണ്.

മൂന്ന് ദിവസത്തിനുശേഷം ബൈഅത്ത് വാങ്ങി. പറഞ്ഞു. മസീഹ് നാസിരിയുടെ ബൈഅത്തും ആദ്യം ചെയ്തിരുന്നത് പാവപ്പെട്ടവരായിരുന്നു. (ആദ്യം ഇദ്ദേഹം പറഞ്ഞിരുന്നില്ലേ, മിർസാ സാഹിബിനെ പാവങ്ങളാണ് ബൈഅത്ത് ചെയ്തിരുന്നതെന്ന്. ഈ വാർത്ത ഒരു പക്ഷെ മസീഹ് മൗഊദിന്റെ അടുത്ത് എത്തിയിരിക്കാം.) ആദ്യ മസീഹിന്ന് ബൈഅത്ത് ചെയ്തവർ പാവങ്ങളായിരുന്നു. എന്റെ ബൈഅത്തിൽ ആദ്യം വന്നത് പാവങ്ങൾ തന്നെയാണ്. അതിനുശേഷം പറഞ്ഞു. എന്നെ സത്യവാനായി മനസ്സിലാക്കുക. എന്റെ സത്യത്തിൽ അടിയുറച്ച് വിശ്വസിക്കുക. മറ്റൊരു ഉപദേശം നൽകിയത് അഞ്ചുനേര നമസ്ക്കാരം അനുഷ്ഠിക്കുക. മൂന്നാമത്തെ കാര്യം പറഞ്ഞത് ഒരിക്കലും കളവ് പറയരുത്. ഇതു പറഞ്ഞ് എനിക്കു പോകാൻ അനുവാദം നൽകി.

ഈ മൂന്ന് ഉപദേശങ്ങളും ഓരോ അഹ്മദിയും എപ്പോഴും മുമ്പിൽ കാണേണ്ടതാണ്.

മുഹമ്മദ് ബക്ശ് സാഹിബിന്റെ മകൻ ഹദ്റത്ത് ഫള്ൽ ഇലാഹി ഖാൻ സാഹിബ് വിവരിക്കുന്നു. ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) ഹദ്റത്ത് അമ്മാജാനും നടന്നുകൊണ്ട് ഞങ്ങളുടെ ഗ്രാമത്തിൽ എത്തി. തിരിച്ചുപോകാൻ നോക്കിയപ്പോൾ കുടിക്കാൻ വെള്ളം ചോദിച്ചു. ഹദ്റത്ത് അമ്മാജാന് ദാഹമുണ്ടായിരുന്നു. (അവരുടെ അനുസരണവുമായി ബന്ധപ്പെട്ട ഒരു സംഭവമാണ്.) എന്റെ ഉമ്മ ഒരു ക്ലാസിൽ വെള്ളം ഒഴിച്ചു തന്നുകൊണ്ട് പറഞ്ഞു. കൊണ്ടുപോയി കൊടുത്താലും. ഞാൻ ഉടനെ വെള്ളവുമായി അവരുടെ അടുത്തെത്തി. അമ്മാജാനും ഹദ്റത്ത് സാഹിബും വഴിയിൽ നിൽക്കുകയായിരുന്നു. അമ്മാജാന് ഞാൻ വെള്ളം നൽകി. അവർ അത് എടുത്ത് കുടിക്കാൻ തുടങ്ങി. ഹദ്റത്ത് സാഹിബ് ഇത്രമാത്രം പറഞ്ഞു. വെള്ളം ഇരുന്നാണ് കുടിക്കേണ്ടത്. അമ്മാജാൻ ഒരു കവിൾ മാത്രമാണ് കുടിച്ചിരുന്നത്. ഇത് കേട്ടപ്പോൾ ഉടനെ ഇരിക്കുകയുണ്ടായി. എന്നിട്ട് ഇരുന്നുകൊണ്ടാണ് ബാക്കി വെള്ളം കുടിച്ചത്.

ഹദ്റത്ത് നിസാമുദ്ദീൻ സാഹിബ് വിവരിക്കുന്നു. ആദ്യം ഗോൾ മുറിയിലാണ് എല്ലാ അതിഥികളും ഒരുമിച്ച് കൂടാറുണ്ടായിരുന്നത്. ഹദ്റത്ത് അഖ്ദസിനെ അതിഥികൾ വന്ന വിവരം അറിയിക്കും. ഇവിടെ എല്ലാവരും എത്തിയിട്ടുണ്ടെന്ന് സന്ദേശമയക്കും. ഒരിക്കൽ ഹദ്റത്ത് അഖ്ദസ് നേരത്തെ തന്നെ എത്തിയിരുന്നു. ഖലീഫ അവ്വൽ ഹദ്റത്ത് നൂറുദ്ദീൻ (റ) അവിടെ എത്തിയിരുന്നില്ല. മൗലവി സാഹിബിനെ വിളിച്ചുകൊണ്ടുവരാൻ വേണ്ടി ഈ വിനീതനെ ഹുസൂർ പറഞ്ഞുവിട്ടു. ഞാൻ ഓടിക്കൊണ്ട് ഓഫീസിൽ പോയി. ഹുസൂറിന്റെ കൽപന കേൾപ്പിച്ചു. ഹദ്റത്ത് അവ്വൽ (റ) ചോദിച്ചു. ഹദ്റത്ത് സാഹിബ് വന്നിട്ടുണ്ടോ. ഞാൻ പറഞ്ഞു. അതേ താങ്കളെ അന്വേഷിച്ചിരുന്നു. ഇതുകേട്ടപ്പോൾ ഹദ്റത്ത് ഖലീഫ അവ്വൽ ഓഫീസിൽ നിന്നും ഒരൊറ്റ ഓട്ടം. ഗോൾ റൂമ് വരെ ഓടി ഓടി വന്നു. സദസ്സിൽ ഇരിക്കുമ്പോൾ പൊതുവിൽ മൗലവി സാഹിബ് തല താഴ്ത്തിയാണ് ഇരിക്കാറുള്ളത്. ഹദ്റത്ത് മസീഹ് മൗഊദ് (അ) വിളിച്ചില്ലെങ്കിൽ ഇങ്ങനെത്തന്നെ കുറേനേരം ഇരിക്കും.

ഹദ്റത്ത് ഹാഫിസ് ജമാൽ അഹ്മദ് സാഹിബ് വിവരിക്കുന്നു. ഗുലാം മുഹമ്മദ് സാഹിബ് മർഹൂം എന്നോട് വിവരിക്കുകയുണ്ടായി. ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ അടുത്ത് നിന്ന് രാത്രി 11, 12 മണിക്ക് ഖലീഫ അവ്വലിന്റെ വീട്ടിൽ പാല് ചോദിച്ചുകൊണ്ട് ആരോ വന്നു. മൗലവി സാഹിബ് എന്നോട് പറഞ്ഞു. ഞങ്ങളുടെ വീട്ടിൽ പാലില്ല. എന്നാലും

എവിടെ നിന്നെങ്കിലും പാല് സംഘടിപ്പിക്കണം. അതിന് എത്രതന്നെ ചെലവു വന്നാലും ശരി. ഹദ്റത്ത് സാഹിബിന്റെ വ്യക്തി വെറും കയ്യോടെ മടങ്ങുന്നത് എനിക്ക് ഇഷ്ടമില്ല. (ഒരു പക്ഷേ അപ്പോൾ അതിഥി ആരെങ്കിലും വന്നിരിക്കും. അതുകൊണ്ടായിരിക്കും പാല് ആവശ്യപ്പെട്ടിരിക്കുന്നത്). ഞാൻ ഓടി. അതിഥി മന്ദിരത്തിന്റെ അടുത്തുള്ള ഒരു വീട്ടിന്റെ കതക് മുട്ടി അവരെ ഉണർത്തി. അദ്ദേഹം എരുമയെ കറക്കാൻ ശ്രമിച്ചു. അങ്ങനെ പാൽ ലഭിച്ചു. (പൊതുവിൽ വൈകുന്നേരമാണ് പാൽ കറക്കാറുള്ളത് രാത്രി കറന്നപ്പോയും പാൽ ലഭിച്ചു.) ഇത് കണ്ട് മൗലവി സാഹിബ് സന്തോഷിച്ചു.

ഹദ്റത്ത് ഹാഫിസ് ജമാൽ അഹ്മദ് സാഹിബ് വിവരിക്കുന്നു. മൗലവി ഗുലാം അഹ്മദ് സാഹിബ് മർഹൂം വിവരിക്കുകയുണ്ടായി. ബട്ടാലയിലെ ഒരാൾ -അദ്ദേഹത്തിന്റെ പേര് മറന്നുപോയി- ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ അനുവാദത്തോടെ ഹദ്റത്ത് ഖലീഫ അവ്വൽ (റ) നെ ഒരു രോഗിയെ കാണിക്കാനായി ബട്ടാലയിലേക്ക് കൊണ്ടുപോയി. ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞു. മൗലവി സാഹിബ്, താങ്കൾ വൈകുന്നേരത്തോടെ തിരിച്ചുവരുമല്ലോ. മൗലവി സാഹിബ് പറഞ്ഞു. ഹുസൂർ വരുന്നതാണ്. എന്നാൽ ബട്ടാലയിലെത്തിയപ്പോൾ ശക്തമായ മഴ പെയ്തു. നാനാ ഭാഗത്തും വെള്ളം നിറഞ്ഞു. ഇതേ അവസ്ഥയിൽ മൗലവി സാഹിബ് വൈകുന്നേരം ഖാദിയാനിൽ തിരിച്ചെത്തി. മുട്ടുവരെ വെള്ളത്തിൽ നടന്നുകൊണ്ടാണ് വന്നത്. കാലിൽ മുള്ളു തറച്ചു. ഹദ്റത്ത് മസീഹ് മൗഊദ് (അ) ന് ഇതറിയാൻ കഴിഞ്ഞപ്പോൾ വളരെ വിഷമിക്കുകയുണ്ടായി. എന്നിട്ട് പറഞ്ഞു. എന്റെ ഉദ്ദേശ്യം ഇതായിരുന്നില്ലല്ലോ. എന്തിനാണ് ഇത്രമാത്രം ബുദ്ധിമുട്ടിയത്.

മുഗൾ സാഹിബ് എന്ന് അറിയപ്പെടുന്ന ഹദ്റത്ത് മിയാൻ അബ്ദുൽ അസീസ് സാഹിബ് വിവരിക്കുന്നു. ഒരിക്കൽ മൗലവി നൂറുദ്ദീൻ സാഹിബ് തന്റെ ഓഫീസിൽ ഇരിക്കുകയായിരുന്നു. പന്ത്രണ്ട് ഒരുമണി സമയമായിരിക്കും. ഉഷ്ണക്കാലമായിരുന്നു. ഹദ്റത്ത് ഉമ്മുൽ മുഅ്മിനീൻ അകത്തുനിന്ന് ഒരു സേവകനെ അയച്ചു. അയാൾ വന്നുകൊണ്ട് പറഞ്ഞു. മൗലവി സാഹിബ് അമ്മാജാൻ പറയുന്നുണ്ട് എന്റെ കെട്ടയിക്കാൻ മൗലവി സാഹിബിനോട് പറയൂ. അദ്ദേഹം പറഞ്ഞു. അമ്മാജാനോട് പോയി പറയുക, ഈ രോഗാവസ്ഥയിൽ ഇപ്പോൾ കെട്ടഴിക്കുക എന്നത് വൈദ്യശാസ്ത്രപ്രകാരം ഒരിക്കലും ശരിയല്ല. കുറച്ച് കഴിഞ്ഞപ്പോൾ അയാൾ വീണ്ടും അകത്തുനിന്നു വന്നുകൊണ്ട് ഇതുതന്നെ പറഞ്ഞു. മൗലവി സാഹിബ് അതേ മറുപടി വീണ്ടും പറഞ്ഞു.

കുറച്ചുകഴിഞ്ഞപ്പോൾ മിയാൻ മഹ്മൂദ് അഹ്മദ് പുറത്തേക്ക് വന്നു. അദ്ദേഹത്തെ മൗലവി സാഹിബ് എടുത്തു. എന്നിട്ട് ചോദിച്ചു. മിയാൻ സാഹിബ് എന്തിനാണ് വന്നത്. പറഞ്ഞു: ഉപ്പ പറയുന്നുണ്ട് വന്ന് കെട്ടയിക്കാൻ. മൗലവി സാഹിബ് അപ്പോൾ തന്നെ പുറപ്പെട്ടു. എന്നിട്ട് കെട്ടയിച്ചു. പോകാനായപ്പോൾ ഗുലാം മുഹമ്മദ് സാഹിബ് എന്ന വ്യക്തി പറഞ്ഞു. താങ്കളല്ലെ പറഞ്ഞിരുന്നത് കെട്ടയിക്കാൻ പാടില്ല എന്ന്. ഇതുകേട്ടപ്പോൾ മൗലവി സാഹിബ് പറഞ്ഞു. ഇവിടെ വൈദ്യശാസ്ത്രമല്ല. കൽപനയാണ്.

മീർ ശറാഫത്ത് അഹ്മദ് സാഹിബ് തന്റെ പിതാവ് ഹദ്റത്ത് മൗലവി ജലാലുദ്ദീൻ സാഹിബിന്റെ കാര്യങ്ങൾ വിവരിച്ചുകൊണ്ട് പറയുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ (റ) നോട് ഉപ്പാക്ക് വലിയ ആദരവായിരുന്നു. ഹുസൂറും ഇദ്ദേഹത്തോട് വലിയ കാരുണ്യത്തോടെയാണ് പെരുമാറിയിരുന്നത്. ഹദ്റത്ത് മൗലവി സാഹിബിന്റെ മാതാവ് അവാൻ സമുദായത്തിൽ പെട്ടവരായിരുന്നു. (ഖലീഫ അവ്വലിന്റെ ഉമ്മ) മൗലവി ജലാലുദ്ദീൻ സാഹിബും അവാൻ സമുദായത്തിൽ പെട്ടവരായിരുന്നു. അതുകൊണ്ട് മൗലവി സാഹിബ് ഇദ്ദേഹത്തോട് വലിയ സ്നേഹത്തിലാണ് വർത്തിച്ചിരുന്നത്. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ അദ്ദേഹത്തോട് കൽപിച്ചിരുന്നത് ഇതായിരുന്നു. ഖാദിയാനിൽ വന്നാൽ ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ സദസ്സിൽ ഇരിക്കുക. അതിനുശേഷം എന്റെ അടുത്ത് ഇരിക്കുക. അല്ലാതെ വേറെ എവിടെയും പോകരുത്. ഇവിടെയല്ലാതെ മറ്റൊരു സ്ഥലത്ത് പോകാനും താങ്കൾക്ക് അനുവാദമില്ല. ഉപ്പ പറയാറുണ്ടായിരുന്നു; ഞാൻ അങ്ങനെതന്നെയാണ് ചെയ്യാറുള്ളത്. ഒരിക്കൽ റമദാനും ഞാൻ ഖാദിയാനിൽ തന്നെ കഴിച്ചുകൂട്ടി.

ചൗധരി നസ്റുല്ലാഹ് ഖാൻ സാഹിബിന്റെ മകൻ മുഹമ്മദ് സഫറുല്ലാഹ് സാഹിബ് വിവരിക്കുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ (റ) യുട അധ്യാപനത്തിനു പുറമേ ഹക്കീം ഖുത്ത്ബുദ്ദീൻ സാഹിബിന്റെ ഇപ്പോഴത്തെ ഓഫീസിൽ മസ്നവി റോമിയുടെ ദർസ് നൽകാറുണ്ടായിരുന്നു. എനിക്ക് എന്റെ പിതാവിനോടൊപ്പം അദ്ദേഹത്തിന്റെ സദസ്സുകളിൽ പങ്കെടുക്കാനുള്ള ഭാഗ്യം ആ നാളുകളിൽ ലഭിച്ചിരുന്നു. ഈ ദർസ് നടന്നുകൊണ്ടിരിക്കുമ്പോൾ ആരെങ്കിലും വന്ന് ഹദ്റത്ത് മസീഹ് മൗഊദ് പുറത്ത് വന്നിട്ടുണ്ടെന്ന് പറഞ്ഞാൽ ഉടനെ ഖലീഫ അവ്വൽ (റ) ദർസ് നിർത്തിവെക്കുകയും എഴുന്നേറ്റ് നടന്നുകൊണ്ട് തലപ്പാവ് കെട്ടുകയും ഷൂ ധരിക്കാൻ പാടുപെടുകയും ചെയ്യുന്നതായി ഞാൻ കണ്ടിട്ടുണ്ട്. ഷൂ ഇവ്വിധത്തിൽ ധരിക്കാൻ ശ്രമിക്കുന്നതുകൊണ്ട് അദ്ദേഹത്തിന്റെ ഷൂവിന്റെ പിൻഭാഗം പലപ്പോഴും പതിഞ്ഞിരിക്കാറുണ്ട്. അദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ സദസ്സിൽ ഹാജരായാൽ ഹുസൂർ അദ്ദേഹത്തെ വിളിക്കാത്തതുവരെ ഒരിക്കലും അദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ മുഖത്തേക്ക് നോക്കാറുണ്ടായിരുന്നില്ല.

ഹദ്റത്ത് സൂഫി ഗുലാം മുഹമ്മദ് സാഹിബ് വിവരിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ വഫാത്തിനുശേഷം എല്ലാവരും മൗലവി നൂറുദ്ദീൻ സാഹിബിന് ബൈഅത്ത് ചെയ്തു. മൗലവി സാഹിബ് പറഞ്ഞു. ഇന്നലെവരെ ഞാൻ നിങ്ങളുടെ സഹോദരനായിരുന്നു. ഇന്ന് ഞാൻ നിങ്ങളുടെ പിതാവായിരിക്കുന്നു. നിങ്ങൾക്ക് എന്നെ അനുസരിക്കേണ്ടതായി വരും. ഹുസൂറിന്റെ കുട്ടികളിൽ അമത്തുൽ ഹഫിസാണ് ഏറ്റവും ചെറുത്. അമത്തുൽ ഹഫീസിനെയാണ് ബൈഅത്ത് ചെയ്തിരുന്നതെങ്കിൽ മസീഹ് മൗഊദ് (അ) നെ അനുസരിച്ചത് പോലെ ഞാൻ അവരെയും അനുസരിക്കുമായിരുന്നു.

അല്ലാഹു ഈ എല്ലാ സഹാബാക്കളുടെയും പദവികൾ ഉയർത്തുമാറാകട്ടെ. ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ കൂടെ ആഖിറത്തിലും നിൽക്കണം എന്ന അവരുടെ ആഗ്രഹങ്ങളെ അല്ലാഹു പൂർത്തിയാക്കിക്കൊടുക്കട്ടെ. ഇവരുടെ മക്കളെയും കൂറിലും അനുസരണത്തിലും നിലനിറുത്തുമാറാകട്ടെ. ഈ കാലത്തെ ഇമാമിനോടൊപ്പം പരിപൂർണ്ണ അനുസരണം പുലർത്തിക്കൊണ്ട് ബന്ധം നിലനിർത്താൻ നമുക്കും തൗഫീഖ് നൽകുമാറാകട്ടെ. ആ മഹാത്മാവ് മുഖ്ലിസീങ്ങൾക്കായി ചെയ്ത ദുആകളുടെ അവകാശികളായി നാമും മാറട്ടെ. ആ മഹാത്മാവിന് ശേഷം അദ്ദേഹം മുഖേന ഇവിടെ വെളിപ്പെട്ട രണ്ടാം ശക്തിപ്രഭാവത്തോടും കൂറും സ്നേഹവും അനുസരണവും പുലർത്താനും അതിന്റെ ഉന്നത നിലവാരം കാഴ്ചവെക്കാനും നമുക്ക് സാധിക്കട്ടെ. ഖലീഫത്തുൽ മസീഹ് അവ്വൽ പറഞ്ഞതുപോലെ പൂർണ്ണമായും അനുസരിക്കാൻ നമുക്ക് കഴിയട്ടെ. ഖിലാഫത്തുമായി ഒട്ടിപ്പിടിച്ച് നിന്നുകൊണ്ട് ഇക്കാലത്ത് അല്ലാഹുവിന്റെ അനുഗ്രഹത്തിന് അവകാശികളായിത്തീരുന്ന ജമാഅത്തിന്റെ ഭാഗമായി നാം മാറട്ടെ. അതില്ലാതെ അല്ലാഹുവിന്റെ ഫള്ൽ ലഭിക്കില്ല. അല്ലാഹു എല്ലാവർക്കും ഇതിനുള്ള തൗഫീഖ് നൽകട്ടെ.

ജുമുഅ നമസ്ക്കാരത്തിനും അസറിനും ശേഷം രണ്ട് ജനാസ നമസ്ക്കരിക്കുന്നതാണ്. ആദ്യത്തെ ജനാസ ഒരു ശഹീദിന്റെതാണ്. ബഹുമാന്യനായ താരീഖ് അഹ്മദ് സാഹിബിന്റെതാണ് ജനാസ. മുബാറക്ക് അഹ്മദ് സാഹിബിന്റെ മകനാണ്. ഇദ്ദേഹത്തിന്റെ ജനനം ലയ്യയിലുള്ള ഒരു ഗ്രാമത്തിലാണ്. താരിഖ് സാഹിബിന്റെ ജനനത്തിനു 2 മാസം മുമ്പേ പിതാവ് വഫാത്തായിരുന്നു. താരീഖ് സാഹിബിന്റെ വയസ്സ് 41 ആയിരുന്നു. നല്ല

കഴിവുള്ള വ്യക്തിയായിരുന്നു. 2012 മെയ് 17ന് താരിഖ് സാഹിബ് സാധനങ്ങൾ വാങ്ങാനായി ലയ്യയിലെ കരോഡ് എന്ന സ്ഥലത്ത് പോയി. കുറച്ച് പണമെല്ലാം വ്യാപാരികൾക്ക് തിരിച്ചു നൽകാനുണ്ടായിരുന്നു. തിരിച്ചു വരുമ്പോൾ ഏകദേശം 4 മണിക്ക് വീട്ടിലേക്ക് ഫോൺ ചെയ്തുകൊണ്ട് പച്ചക്കറിയെല്ലാം വാങ്ങിയിട്ടുണ്ടെന്നും മറ്റു വല്ലതും വേണോ എന്നും വിളിച്ചു ചോദിച്ചിരുന്നു. പിന്നീട് അദ്ദേഹവുമായി ബന്ധപ്പെടാൻ കഴിഞ്ഞില്ല. രാത്രിയായിട്ടും വീട്ടിൽ തിരിച്ചെത്തിയിരുന്നില്ല ഫോണിൽ ബന്ധപ്പെടാൻ ശ്രമിച്ചു. എന്നാൽ അതിന് കഴിഞ്ഞില്ല. പിന്നീട് അറിയാൻ കഴിഞ്ഞത് തിരിച്ചുവരുമ്പോൾ അദ്ദേഹത്തെ അജ്ഞാതരായ ചിലർ തട്ടിക്കൊണ്ട് പോയിരിക്കുകയാണ്. അജ്ഞാത സ്ഥലത്തേക്കാണ് കൊണ്ടുപോയതെന്നും അറിഞ്ഞു. കൈകാലുകൾ കെട്ടിയിട്ടിരുന്നു. അതിക്രൂരമായ മർദ്ദനങ്ങൾക്കിരയായിരുന്നു. മർദ്ദനത്തിനിടെ ഒരു കാൽ ഒടിച്ചുകളഞ്ഞിരുന്നു.തോളെല്ല് പൊട്ടിയിരുന്നു. മുട്ടുകാലുകൾക്ക് ആണി അടിച്ച പാടും ഉണ്ടായിരുന്നു. കണ്ണിനും നല്ല പരിക്ക് പറ്റിയിരുന്നു. തലക്കും നല്ല പ്രഹരം ഏറ്റിരുന്നു. മർദ്ദനത്തിന് ശേഷം അവർ തലക്ക് വെടിവെക്കുകയും ചെയ്തു. അങ്ങനെ അദ്ദേഹത്തെ ശഹീദാക്കുകയുമുണ്ടായി.

إِنَّا لِلّٰهِ وَإِنَّا إِلَيْهِ رَاجِعُوْنَ

വളരെ ക്രൂരമായ മർദ്ദനത്തിന്റെ മറ്റൊരു വശം ഇതാണ്. ഒരു ഡ്രമ്മിലിട്ട് രാജൻശാ നദിയിൽ ഒഴുക്കുകയുണ്ടായി. ആ നദി അടഞ്ഞുകിടക്കുകയായിരുന്നു. അല്ലെങ്കിൽ മയ്യത്തിനെക്കുറിച്ച് ഒന്നും അറിയാൻ കഴിയുമായിരുന്നില്ല. അടുത്ത ദിവസം ഒരു ശവം കിട്ടിയ വിവരം പോലീസ് അറിയിച്ചു. അദ്ദേഹത്തിന്റെ മുഖം നോക്കി ആളെ തിരിച്ചറിയാൻ സാധിച്ചിരുന്നില്ല. അത്രമാത്രം മർദ്ദിച്ചിരുന്നു. അടുത്ത ബന്ധുക്കൾ വസ്ത്രം മുഖേനയും മറ്റ് അടയാളങ്ങൾ മുഖേനയുമാണ് അദ്ദേഹത്തെ തിരിച്ചറിഞ്ഞത്. അമീർ സാഹിബിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അദ്ദേഹത്തിനെ ശഹീദാക്കിയത് ജമാഅത്തിന്റെ എതിർപ്പുകൊണ്ടല്ല എന്നാണ്. എന്നാൽ എനിക്ക് തോന്നുന്നത് ജമാഅത്തിനോടുള്ള വിദ്വേഷം തന്നെയാണ് ഈ കൊലക്ക് കാരണം എന്നാണ്. കാരണം ഇദ്ദേഹത്തിനോട് ആർക്കും ഒരു വിരോധവും ഉണ്ടായിരുന്നില്ല. സ്വാത്തികനായിരുന്നു. ഇതിനുമുമ്പ് ഇദ്ദേഹത്തിന്റെ ബന്ധുക്കളെ വെടിവെച്ച് പരിക്കേൽപ്പിച്ചിരുന്നു. അല്ലാഹു ഇദ്ദേഹത്തിന്റെ പദവി ഉയർത്തുമാറാകട്ടെ. ശത്രുക്കളുടെ നാശം വേഗം വരുത്തട്ടെ. അഹ്മദിയ്യത്തിന് അനുകൂലമായി വ്യക്തമായ അടയാളങ്ങൾ പ്രകടമാക്കട്ടെ.

ഓർക്കുക. ഇങ്ങനെയുള്ള അവസ്ഥയിൽ ദുആയിലേക്ക് നാം ശ്രദ്ധിക്കുന്നില്ലെങ്കിൽ, അല്ലാഹുവിനോട് അടയാളം ചോദിക്കുന്നില്ലെങ്കിൽ അല്ലാഹു വാഗ്ദാനം ചെയ്ത വിജയം നമുക്ക് കാണാൻ സാധ്യമല്ല. അടയാളങ്ങൾ പ്രത്യക്ഷപ്പെട്ടതിനുശേഷം ലഭിക്കുന്ന വിജയങ്ങളാണ് ശത്രുവിന് പോലും വ്യക്തമായി കാണാൻ കഴിയുക. അങ്ങനെ ശത്രു പോലും സ്വീകരിക്കാൻ തയ്യാറായിരിക്കും. അല്ലാഹുവിന്റെ മുമ്പിൽ വളരെ വിനീതരായി നാം കുമ്പിടുന്നവരും പ്രാർത്ഥിക്കുന്നവരുമാകുമ്പോഴാണ് അത്ഭുതങ്ങൾ ഉളവാകുന്ന വിജയങ്ങൾ ലഭിക്കുക. അതോടൊപ്പം അല്ലാഹുവിന്റെയും സമസ്യഷ്ടികളുടെയും കടമകൾ പാലിക്കുന്നവരായും നാം മാറണം. അല്ലാഹു നമുക്കിതിനുള്ള തൗഫീഖും നൽകട്ടെ.

ശഹീദിന്റെ സഹോദരൻ ആരിഫ് അഹ്മദ് ജമാഅത്തിന്റെ മുറബ്ബിയാണ്. ശഹീദിനെക്കുറിച്ചുള്ള പല ഗുണങ്ങളും അദ്ദേഹം വിവരിച്ചിട്ടുണ്ട്. അദ്ദേഹം വളരെയധികം സ്നേഹിക്കുന്ന വ്യക്തിയായിരുന്നു. അദ്ദേഹത്തിന്റെ ഭാര്യ കൂടാതെ ആറ് ആൺകുട്ടികളും 2 പെൺ കുട്ടികളുമുണ്ട്. മൂത്ത മകന്റെ വയസ്സ് 18 ആണ്. ചെറിയ കുട്ടിയുടെ വയസ്സ് 2 ആണ്. ഇതിനിടയിലാണ് എല്ലാ കുട്ടികളും. ഇവരെയെല്ലാം അല്ലാഹു തന്റെ സംരക്ഷണത്തിൽ വെക്കട്ടെ.

രണ്ടാമത്തെ ജനാസ ശൈഖ് അബ്ദുസ്സലാം സാഹിബിന്റെ ഭാര്യം അമത്തുൽ കരീം സാഹിബയുടെതാണ്. റബ്വാ സ്വദേശിയാണ്. മെയ് 3 ന് വഫാത്തായി.إِنَّا لِلّٰهِ وَإِنَّا إِلَيْهِ رَاجِعُوْنَ ആദ്യകാലത്ത് റബ്വയിൽ താമസമാക്കിയ കുടുംബത്തിലെ ഒരംഗമായിരുന്നു. മൂസിയ ആയിരുന്നു. ഇവർക്ക് മൂന്ന് പെൺകുട്ടികളും അഞ്ച് ആൺകുട്ടികളുമാണ്. അബ്ദുൽ ഹഫീസിൽ സാഹിബ് ഇവിടെയുണ്ട്. ഹോളണ്ടിലും റബ്വയിലും എല്ലാം ഇവരുടെ മക്കളുണ്ട്. രണ്ട് പേരക്കുട്ടികൾ യു.കെ. ജാമിആയിൽ പഠിച്ചുകൊണ്ടിരിക്കുകയാണ്. അല്ലാഹു ഇരുവരുടെയും പദവികൾ ഉയർത്തട്ടെ.

## PRINTED BOOKS

**To**

**From**
**Ahmadiyya Mission House**
**K.N.Road Karapparamba**
**Calicut -10**


KHUTBA: HADRAT MIRZA MASROOR AHMED (atba)
on 2012 May 26 at : **Bait us Sabuh, Frankfurt, Germany.**
Translation: M.Nasir Ahmed Kodiyathur 09497343704

Typing: M.P.Abdul Latheef
Printed at: Digital Image Calicut.
Published by: **Majlis Khuddamul Ahmadiyya, North Kerala**